सुरेश — यह Carbolic acid का साबुन है। हाथ धोने के लिए यहाँ यही इस्तेमाल किया जाता है।

रमेश (चिढ़कर) फिर नहाने के लिए तो वहाँ DDT मिला होगा।

सुरेश — नहीं – अभी तो नहीं – लेकिन अभी इसकी चिन्ता मत करो।

(उसी समय सुरेश की बीबी अन्दर आती है। उसने डाक्टरों का सफेद कोट पहन रखा है।)

सुरेश — तुम आ गयीं? रानी, यह है मेरा मित्र रमेश।

रमेश — नमस्ते! भाभीजी।

रानी — नमस्ते। माफ़ कीजिए, मुझे अस्पताल से आने में देर हो गयी।

रमेश — कोई बात नहीं, भाभीजी। यहां की एक – एक चीज में आपका यहीं होना टपक रहा था।

रानी — ओह! Thank you, Thank you very much (रमेश से) आप नहाएँगे तो?

रमेश — (चौंककर) इस समय? भाभी शाम के वक्त तो मैं नहीं नहा करता।

रानी — लेकिन सफ़र के बाद हमेशा नहाना



चाहिए। इससे धूल दूर हो जा... है। Blood circulation ठीक ... जाता है।

(नौकर का प्रवेश)

नौकर — सरकार, चाय तैयार है।

रानी — आइए, चाय पिएँ।

## दूसरा दृश्य

(रमेश बिस्तर पर लेटा है। रानी अन्दर आती है।)

रानी — रमेशजी!

रमेश — जी भाभीजी!

रानी — सुरेशजी कह रहे थे कि रात आपको Sneezing आयी थीं?

रमेश — हाँ भाभीजी ···· लेकिन इसमें परे... की क्या बात है?

रानी — Sneezing किसी आनेवाली बी... की Symptom होती है।

रमेश — भाभी! मुझे कुछ नहीं होगा।

रानी — नहीं, नहीं आप आज अस्प... चलिए। मैं आपको ENT Speci... को दिखाऊँगी।

रमेश — लेकिन भाभी! मेरी भी तो सुनि... मुझे कुछ नहीं हुआ है।

सुरेश — (अन्दर आते हुए) कौन कहता ... कि तुम्हें कुछ नहीं हुआ है। ... दिखाओ, रानी! इसे जरूर speci... को दिखाओ। ···· आ ····(... मसलता है। तुरन्त छींकता है।)

रानी (घबराकर) — आप भी छींके?

सुरेश — (घबराते – घबराते) नहीं तो! रानी यों ही नाक में कुछ चला गया।

रमेश — (खुशी से) अबे! नाक में कुछ चला गया? ········

तब तक तुम्हारी नाक को Spray करना होगा। रामू···· वह Spray - gun ले आना। (खुद आगे बढ़ता है।)

सुरेश — रानी! मेरी तो सुनो।

रानी — बीमारी के मामले में किसी की नहीं सुन सकती।

(रमेश Spray - gun लेकर वापस आता है।)

रमेश (सुरेश से) :- आइए! यहाँ बैठिए।

(रमेश को धकेलता है।)

सुरेश – छोड़ दो। छोड़ दो।

(रमेश उसे बलपूर्वक बिस्तार पर लिटाता है। रामू भी सुरेश को पकड़ता है। रमेश उसपर Spray करता है।)

सुरेश :- बचाओ! बचाओ!! मैं मरा!!!

(परदा)

अपने सहायक आप बनो, होगा सहायक प्रभु तभी।<br>
बस चाहने ही से किसी को, सुख नहीं मिलता कभी॥<br>
कर, पद, हृदय, दृग, कर्ण, तुमको ईश ने सब कुछ दिया।<br>
है कौन ऐसा काम जो, तुम से न जा सकता किया?

(मैथिलीशरण गुप्त)

# हिन्दी दिवस समारोह 1991

(एक रिपोर्ट)

कु· देवता पी· नायर
कक्षा 11

सन् 1991 वर्ष का हिन्दी दिवस मनाने के लिए 14 सितम्बर को एक विशेष सभा का आयोजन किया गया। सभा की अध्यक्षता हमारे स्कूल के प्राचार्य महोदय कर्नल एच· एस· सांगा ने की।

सर्व प्रथम हमारे हिन्दी अध्यापक श्री विटेकर जी ने प्रास्ताविक भाषण किया। उन्होंने बताया कि राष्ट्रभाषा राष्ट्र के प्राण होती है। बिना राष्ट्रभाषा के राष्ट्र गूँगा होता है। इसलिए हर छात्र को अपना और अपने देश का भविष्य उज्ज्वल बनाने के लिए राष्ट्रभाषा हिन्दी का ज्ञान प्राप्त करना चाहिए। हिन्दी ही उन्हें राष्ट्र के अन्य भागों से जोडेगी और तभी 'एक हृदय हो भारत जननी' का स्वप्न साकार होगा। इस के बाद सभा का संचालन ग्यारहवीं कक्षा की छात्रा कुमारी देवता नायर ने किया। शालेय हिन्दी-गान से समारोह की शुरुआत हुई। 'ॐ संगच्छध्वम्' इस संस्कृत स्तोत्र के गायन के बाद बारहवीं कक्षा की छात्रा कुमारी अंजना पिल्लै ने गुरुदेव-रवीन्द्रनाथ ठाकुर के गीत का हिन्दी अनुवाद पढकर सुनाया। हिन्दी में आज के समाचार प्रस्तुत किए बारहवीं के छात्र एस· पी· मधु ने। फिर ग्यारहवीं कक्षा के श्याम डी· राजन ने हिन्दी दिवस के महत्व पर प्रकाश डाला।

हिन्दी देश के स्वतंत्रता संग्राम के साथ जुड़ी हुई है– इसे दर्शाने के लिए नौवीं कक्षा के छात्र सजित राजा ने कविवर सोहनलाल द्विवेदी की कविता 'पूजा गीत' को गाकर प्रस्तुत किया। उसके पश्चात् चुनी हुई देश-भक्ति पर कविताओं का पाठ किया गया। कु· हेमा – आठवीं कक्षा की छात्रा ने श्री रामावतार त्यागी जी की 'और भी दूँ' का सस्वर पाठ किया। आठवीं के ही छात्र प्रवीण नायर ने 'कबीर के दोहे' पेश किए। कवि नरेन्द्र शर्मा की 'कायर मत बन' कविता का पाठ किया नौवीं कक्षा के छात्र साजू ने। 'जो बीत गई सो बात गई' बच्चन जी की इस कविता को सातवीं कक्षा के विकास नायर ने सुनाया। छठी कक्षा के छात्र मिथुन शशि ने दिनकर जी की 'शक्ति और क्षमा' की चुनी हुई पंक्तियाँ बड़े जोश के साथ प्रस्तुत कीं। 'वीर तुम बढे चलो' को सुनाया सातवीं कक्षा के छात्र मधु के· वी· ने।

अब बारी थी समूह गान की – छठी कक्षा के छात्र - छात्राओं ने 'हिन्द देश के निवासी' यह देश-भक्ति पर गीत गाकर प्रस्तुत किया। फिर नौवीं कक्षा के छात्रों ने 'सारे जहाँ से अच्छा हिन्दोस्ताँ हमारा' गाया। अन्त में स्कूल की छात्राओं ने 'जय जय भारत' इस गान को प्रस्तुत किया।

आखिर में प्रिन्सिपल महोदय ने सभा का मार्गदर्शन किया। उन्होंने हिन्दी की उपयोगिता और आवश्यकता पर प्रकाश डालकर उसका रोज-मर्रा के जीवन में प्रयोग करने का छात्र-छात्राओं से अनुरोध किया और इस पुनीत अवसर पर यह घोषणा की कि अब हर शुक्रवार को स्कूल असेंबली में हिन्दी में ही समाचार पढ़े जाएँगे जिसका पालन शुरू हो गया है। स्कूल केप्टन सागर पी. एम के आभार प्रदर्शन तथा राष्ट्रगान के बाद सभा समाप्त हुई।

इस समारोह को सफल तथा संगीतमय करने में हमें सर्व श्री· टेकालेजी, विटेकरजी, विश्वनाथन जी, कृष्णन कुट्टी जी तथा आर्टमास्टर श्री एल सुरेश कुमार जी का मार्ग दर्शन प्राप्त हुआ। हम उनके प्रति हमारे आभार तथा धन्यवाद प्रकट करते हैं।

> पराधीन जे जन नहीं, स्वर्ग - नरक ता हेत।
> पराधीन जे जन, नहीं स्वर्ग-नरक ता हेत।।
>
> (वियोगी हरि)

# उपन्यास - सम्राट तकषी

के. के. विश्वनाथ

(हिन्दी विभाग)

वीणा – पाणी वाणी के वरद पुत्र हैं 'तकषी'। उनके प्रमुख चौदह उपन्यास माँ भारती के कंठहार हैं। परमार्थमंगल, पतितपंकज, तेण्डिवर्गम्, विल्पनक्कारी, रण्डिटङ्ङषी, चेम्मीन, तोट्टियुटे मकन औसेप्पिन्टे मक्कल, जीवितं सुन्दरमाणु पक्षे, अंचु पेण्णुङ्ङल, त्यागत्तिनु प्रतिफलम, अवन्ट स्मरणकल, तलयोट्ट और कयर किसी भी भाषा के — किसी भी साहित्य के — किसी भी जनता के गौरव हो सकते हैं। इनमें सबसे प्रधान चेम्मीन, कयर रण्डिटङ्ङषी, तोट्टियुटे मकन और औसेप्पिन्टमक्कल हैं। तकषी का सबसे लोकप्रिय उपन्यास 'चेम्मीन' है। रण्डिटङ्ङषी साहित्य अकादमी की ओर से पुरस्कृत हुई है। 'कयर' जिसका संप्रेषण आजकल दूरदर्शन कर रहा है, केरल के सबसे श्रेष्ठ 'वयलार पुरस्कार' से सम्मानित हुआ। इसी उपन्यास ने तकषी को ज्ञान पीठम् पुरस्कार भी प्रदान किया। ये उपन्यास केरल क सामाजिक जीवन की झाँकी प्रस्तुत करते हैं। समाज के विविध स्तरों के पात्र इनमें हैं। इसप्रकार तकषी ने केरल के जन–जीवन की सच्ची कलात्मक अभिव्यक्ति अपने उपन्यासों में की और मलयालम उपन्यास साहित्य में अपना स्थायी स्थान स्थापित किया।

तकषी शिवशंकर पिल्लै का जन्म केरल के एक साधारण किसान परिवार में अप्रैल 1914 को हुआ। प्रसिद्ध कथकलि कला तकषी कुंचुकुरुप उनके पिता के भाई थे। परिवारकी आर्थिक स्थिति इतनी क्षीण थी कि बीच में उनकी पढ़ाई में बाधाएँ उपस्थित रहीं। फिर भी किसी न किसी प्रकार मेट्रिक परीक्षा पास की। दो साल तक के लिए भटकने के बाद वे वकालत परीक्षा लिए तिरुवनन्तपुरम गए। वहाँ से सन् में उन्होंने वकालत परीक्षा पास कर ली। बाद वे अंपलपुषा और आलप्पुषा में करने लगे। उनका प्रारंभिक वकील अभाव - ग्रस्त था। परन्तु बाद में चलकर वकील जीवन बिलकुल सफल रहा।

केरल एक कृषि-प्रधान राज्य है। यह शिक्षा की दृष्टि से संपन्न है, पर दृष्टि से विपन्न। किसान और मजदूरों समस्याएँ वहाँ प्रबल हैं। उन समस्याओं निकट से अध्ययन करने का अच्छा अवसर को मिला। उनके कुछ उपन्यासों में साम विचारधारा का सबल समर्थन है।



पारिवारिक जीवन की विषम समस्याओं को लेकर लिखा गया मनोवैज्ञानिक उपन्यास है– 'परमार्थमंडल'। इस उपन्यास की मुख्य समस्या नारी जीवन से संबन्धित है। इसमें उपन्यासकार यह दिखाना चाहता है कि जिस युवती को अपने कौमार्य जीवन में कोई कलंक लग जाता है, उसका विवाहित जीवन कभी निष्कलंक नहीं रह सकता। 'त्यागत्तिनु प्रतिफलम' की मुख्य कथा भी नारी से सम्बन्धित है। इस उपन्यास के द्वारा एक नारी का स्नेहमयी बहिन का रूप तकषी ने चित्रित किया है। 'तोट्टियुटे मकन' तकषी के प्रमुख आंचलिक उपन्यासों में एक है। इसमें समाज के सबसे उपेक्षित अछूत वर्ग–भंगियों–की जीवन–गाथा है। औसेप्पिन्टेमक्कल' में ग्रामीण जीवन का चित्र है। अन्य उपन्यासों की अपेक्षा इसकी महत्ता इसमें है कि इस उपन्यास में एक परिवार की तीन पीढ़ियों के जीवन की कथा है। 'रण्डिटङ्ङषी' तकषी का एक प्रमुख उपन्यास है। इसमें कुट्टनाड्ड के दलदली प्रान्तवासी भूमिहीन किसानों के जीवन का रोचक चित्रण किया गया है। 'चेम्मीन' 'तकषी' का सबसे प्रमुख उपन्यास है। इस उपन्यास के उपलक्ष्य में राष्ट्रपति की ओर से इन्हें पुरस्कार भी मिल चुका है। देश विदेश की कई भाषाओं में इसका अनुवाद भी हो गया है। प्रस्तुत उपन्यास के द्वारा तकषी ने केरल के समुद्र - तटवर्ती मछुआरों के जीवन, रहन सहन, आचार – विचार, परम्परा एवं मान्यताओं पर प्रकाश डाला है। करुत्तम्मा - परीकुट्टी की प्रेम कथा इस उपन्यास की रोचकता बढ़ाती है। 'कयर' तकषी का एक बृहत् उपन्यास है। वह कुट्टनाट का इतिहास है। एक युग के राजनीतिक आर्थिक, सामाजिक, सांस्कृतिक और सामूहिक विकास - परिणाम इस उपन्यास में हैं। डा. वी. के. नारायण मेनोन ने ठीक ही कहा — "कयर तकषी का 'मास्टर - पीस' है।"

तकषी एक सजग साम्यवादी कलाकार हैं। समाज के विभिन्न स्तरों के मनुष्यों की समस्याओं को उन्होंने मानवीय दृष्टिकोण से देखा है। वे मानवतावादी हैं। समाज की सबसे उपेक्षित एवं उत्पीड़ित नारियों पर उन्होंने खूब लिखा है। उनके नारी – पात्र केवल कोरे आदर्श के प्रतिनिधि नहीं, वरन् सामाजिक यथार्थ की जीती जागती मूर्तियाँ हैं। मलयालम उपन्यास साहित्य में तकषी के पूर्व जितने लेखक थे, वे उनके समान नारी-पात्र पर इतनी सहानुभूतिपूर्ण दृष्टि नहीं रखते थे।

संक्षेप में, किसी माला में प्रथम मणि, उपवन में प्रथम पुष्प, गगन में प्रथम नक्षत्र का जो स्थान है, वही स्थान मलयालय के उपन्यास साहित्य में पद्मभूषण तकषी को है।

> गोधन, गजधन, बाजिधन, और रतनधन - खान।
>
> जब आवे सन्तोष - धन सब धन धूरि समान॥

# മലയാള വിഭാഗം

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | വിശ്വസൗന്ദര്യം | കവിത | ഡോ. സി. കെ. സി. നായർ |
| 2 | വിലങ്ങുകൾ | ചെറുകഥ | സന്തോഷ് കെ. വി. |
| 3 | ബർമുഡ ട്രയാംഗിൾ | ലേഖനം | അനീഷ് മാത്യു |
| 4 | നിലാവിന്റെ നിറം | ചെറുകഥ | ലിസാ ലോറൻസ് |
| 5 | മറ്റൊരു കർണ്ണൻ | ചെറുകഥ | രാജേഷ് സി. കെ. |
| 6 | കൂട്ടുകാരി | ലഘുകഥ | ലീനാ വാസു |
| 7 | ദൈവമേ നിന്നോടായ് .... | കവിത | എൽ. സുരേഷ്കുമാർ |
| 8 | വിങ്ങുന്ന ഹൃദയം | ചെറുകഥ | ശരത്ചന്ദ്രൻ.കെ.പി. |
| 9 | ഓർമ്മക്കുറിപ്പ് | ചെറുകഥ | മനോജ്.വി. |
| 10 | ഇരുട്ടിലെങ്ങോ ഒരു കുഞ്ഞിക്കരച്ചിൽ | ലഘുകഥ | ജസ്റ്റസ് തോമസ് |
| 11 | സായാഹ്ന സന്ധ്യ | ഗദ്യകവിത | നിധീഷ്. സി.സി |
| 12 | പരീക്ഷ | ചെറുകഥ | ഹരികൃഷ്ണൻ. ജി |
| 13 | വിടപറയും മുമ്പേ | ചെറുകഥ | സാഗർ പി.എം. |
| 14 | സോമർ സെറ്റ് മോം | ലേഖനം | പി. മുഹമ്മദ്കുഞ്ഞി |

# വിശ്വസൗന്ദര്യം

ഡോ. സി. കെ. സി. നായർ

കൂരിരും പൂശിക്കറുപ്പിച്ച മാനത്തു
വൈരത്താരകം വിതറുന്നോനേ,
ആഴിതന്നാഴത്തിലായിരം വർണ്ണത്തി–
ലാരമ്യശില്പം രചിക്കുന്നോനേ,
നീളെയിളകുമലകളിലും ശുദ്ധ–
താളക്രമങ്ങളുണർത്തുന്നോനേ,
കുപ്പക്കുഴിയിലെപ്പുല്ലുകളിൽ ചായ–
ച്ചെപ്പുതുറന്നുനിറത്തുന്നോനേ,
മാതളഗോളത്തിൽ മാണിക്യച്ചുട്ടികം
മാൺപിലടുക്കിപ്പൊതിയുന്നോനേ,
കുന്നിമേലൂഞ്ഞാലിലാടുന്നകൂട്ടരെ–
ക്കണ്ണെഴുതിച്ചു രസിക്കുന്നോനേ,
മുള്ളുകൾപോലും മുറയൊട്ടുംതെറ്റാതെ
കള്ളിച്ചെടിയിലടുക്കുന്നോനേ,
കൂട്ടിലെ മുട്ടയ്ക്കുപൊട്ടുകുത്താൻ കുറി–
ക്കൂട്ടുമായെങ്ങും നടക്കുന്നോനേ,
കാട്ടിലിഴയും പുഴുവിന്റെ മേനിയിൽ
കൂട്ടവിളക്കു കൊളുത്തുന്നോനേ,
രാവിലെപ്പോഴും ശ്രുതിമീട്ടിനില്ക്കുവാൻ
ചീവിടിന്നാദേശമേകുന്നോനേ,
തുപ്പിക്കളയുന്ന നീർത്തുള്ളിയിൽപ്പോലും
സപ്തവർണ്ണങ്ങൾ ചമയ്ക്കുന്നോനേ,
വശ്യപ്രകൃതിയാം നിന്നെ ഞാൻ കേവലം
വിശ്വസൗന്ദര്യമെന്നോതിടട്ടേ?

□

ചെറുകഥ

# വിലങ്ങുകൾ

സന്തോഷ് കെ. വി
റോൾ നമ്പർ: 2518

ചതഞ്ഞരഞ്ഞ നിരത്തിലൂടെ പായുകയായിരുന്ന ബസ്സ് ആ പടുകൂറ്റൻ കെട്ടിടത്തിന്റെ മുൻപിൽ നിന്നു.

ഇപ്രാവശ്യമെങ്കിലും എങ്ങനെയെങ്കിലും ഒരു ജോലിയ്ക്ക് കയറിപ്പറ്റണം എന്ന ചിന്തയുമായി ഞാൻ കെട്ടിടത്തിന്റെ പടികൾ കയറി. പക്ഷേ പ്രതീക്ഷിച്ചതിന് വിപരീതമായിരുന്നു അവിടെ. എങ്ങും ഒരു ശ്മശാന മൂകത.... ഞാൻ ആളൊഴിഞ്ഞ ഹാളിൽക്കൂടി നടന്നു, ഒരു നിരീക്ഷകനെപ്പോലെ. തേഞ്ഞ റബർ ചെരിപ്പിന്റെ ശബ്ദം സിമന്റിന്റെ ഭിത്തികളിൽതട്ടി പ്രതിധ്വനിച്ചുകൊണ്ടിരുന്നു. ഹാളിന്റെ മൂലയിൽ ഇരുന്നിരുന്ന ഒരു രൂപം എന്റെ ദൃഷ്ടിയെ ആ ഒഴിഞ്ഞ കോണിലേയ്ക്ക് നയിച്ചു. അവിടെ ഒരു മനുഷ്യൻ കുനിഞ്ഞിരുന്ന് എന്തോ കാര്യമായി ചെയ്യുന്നു. അയാളുടെ അടുത്തേയ്ക്ക് ഞാൻ നടന്നു ചെന്നു. അമ്പതിന്റെയും പത്തിന്റെയും നാണയങ്ങൾ എണ്ണിതിട്ടപ്പെടുത്തുകയാണയാൾ. "ഇന്നിവിടെ ഇന്റർവ്യൂ ഇല്ലേ"? ഞാൻ അയാളോട് ചോദിച്ചു. അയാൾ തിരിഞ്ഞു നോക്കി. ഇരുണ്ട് ചുക്കിച്ചുളിഞ്ഞ മുഖം, അടുക്കും ചിട്ടയുമില്ലാതെ പറന്നിട്ടിരിക്കുന്ന നീണ്ട മുടി, പുറത്തേയ്ക്ക് തള്ളിനിന്ന പല്ലുകളിൽ ബീഡിയുടെ കറ പറ്റിയിരുന്നു. ആ പ്രാകൃത രൂപം അങ്ങനെ അർത്ഥശൂന്യമായി എന്റെ മുഖത്തേയ്ക്ക് നോക്കിക്കൊണ്ടിരുന്നു.

" ചോദിച്ചതു കേട്ടില്ലേ " ? ഞാൻ വീണ്ടും ചോദിച്ചു. "ഇവിടടച്ചിട്ട് രണ്ടാഴ്ചയോളമായി മോനേ .... ഇവിടുത്തെ ഒരു തൂപ്പുകാരനായിരുന്നു ഞാൻ ". അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. പിന്നീടൊന്നും ചോദിക്കണമെന്ന് എനിക്ക് തോന്നിയില്ല. ഞാൻ തിരിഞ്ഞു



നടന്നു, എങ്ങോട്ടെന്നില്ലാതെ ................ വീട്ടിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ എനിക്ക് കഴിഞ്ഞില്ല. താങ്ങുതടിയാകേണ്ടവൻ എന്തിനവർക്കൊരു ഭാരമായി ജീവിക്കണം, തനിക്കുള്ള എല്ലാ വാതിലുകളും കൊട്ടിയടച്ചതായി എനിക്ക് തോന്നി. നേരം അന്തിയോടടുക്കുകയായിരുന്നു. ആ രാത്രി റെയിൽവേ സ്റ്റേഷനിൽ അഭയം പ്രാപിക്കുക എന്നതായിരുന്നു എന്റെ ലക്ഷ്യം.

രാത്രിക്ക് നല്ല തണുപ്പുണ്ടായിരുന്നു. മുഷിഞ്ഞു നാറുന്ന തുണിസഞ്ചിയിൽ നിന്നും കമ്പിളിയെടുത്ത് പുതച്ചു. പനമ്പിന്റെ വിള്ളലിൽ നിന്നും ഊറിയിറങ്ങുന്ന ഇരുട്ട് .... അതെനിക്ക് പരിചിതമായിത്തോന്നി. എങ്ങും നിശ്ശബ്ദത തളംകെട്ടി നില്ക്കുന്നു. അതിനെ ഭേദിക്കാൻ ഇടയ്ക്കിടെ എവിടെ നിന്നെല്ലാമോ ഞരക്കങ്ങൾ ഉയരുന്നുണ്ടായിരുന്നു .....

"മോനേ" ...... പിറകിൽ നിന്നും ഒരു പരുക്കൻ ശബ്ദം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. ആ വൃദ്ധൻ ! ഞാൻ ആ പഴയ ഹാളിൽ വച്ചുകണ്ട അതേ മുഖം. അയാളുടെ കൈകാലുകൾ വിറയ്ക്കുന്നത് അരണ്ട വെളിച്ചത്തിൽ ഞാൻ കണ്ടു. കണ്ണുകളിൽ നിന്നും വാർന്നിറങ്ങുന്ന കണ്ണുനീർ ......... എനിക്കെന്തോ അയാളോട് അലിവ് തോന്നി. പുതച്ചിരുന്ന കമ്പിളി പുതപ്പ് ഞാൻ അയാൾക്ക് കൊടുത്തു. അയാൾ കണ്ണുകൾ കൊണ്ട് നന്ദി പറഞ്ഞ് അത് പുതച്ച് ആ കൽബെഞ്ചിൽ ചാഞ്ഞു.

ഒരുപാട് മോഹങ്ങളുമായി തന്നെ പഠിപ്പിച്ച അച്ഛനമ്മമാർ ! അവരുടെ ആഗ്രഹത്തിനൊത്ത് വളരാൻ വിധി തന്നെ അനുവദിച്ചില്ല. രാത്രിയുടെ തണുപ്പ് കൂടുന്നുണ്ടായിരുന്നു. എവിടെ നിന്നെല്ലാമോ ചീവീടുകളുടെ ആർത്തനാദം ഉയരുന്നുണ്ട്. അടുത്തുകണ്ട കൽ ബെഞ്ചിൽ കിടന്നെങ്കിലും വളരെ നേരം കഴിഞ്ഞാണ് ഉറങ്ങിയത്.



മേൽക്കൂരയുടെ വിടവിൽ നിന്നും വെളിച്ചം മുഖത്തേയ്ക്ക് പതിച്ചപ്പോഴാണ് ഞാൻ ഉണർന്നത്. മുൻപിലേതോ ഒരു ട്രെയിൻ വന്നു നില്പുണ്ടായിരുന്നു. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പരക്കം പായുന്നു. വിശപ്പ് കൊണ്ട് വയർ കത്തി എരിയുകയായിരുന്നു. ആൾക്കൂട്ടം കണ്ട ഭാഗത്തേയ്ക്ക് ഞാൻ വേച്ചുവേച്ച് നടന്നു.

ആ കാഴ്ച കണ്ട് ഞാൻ ഞെട്ടി. താനിന്നലെ കമ്പിളി കൊടുത്ത വൃദ്ധൻ അർദ്ധനഗ്നനായി ആ പ്ലാറ്റ്ഫോമിൽ മരിച്ചു കിടക്കുന്നു! താൻ കൊടുത്ത കമ്പിളി അവിടെയെങ്ങുമില്ലായിരുന്നു. ആൾക്കൂട്ടത്തെ തള്ളിമാറ്റി ഞാൻ അയാളുടെ അടുത്തേയ്ക്ക് നീങ്ങിനിന്നു. അയാളുടെ ദേഹം തണുപ്പ് കൊണ്ട് മരവിച്ചിരുന്നു. കണ്ണുകൾ പുറത്തേയ്ക്ക് തള്ളി നില്ക്കുന്നു. ദേഹത്തെവിടെയെല്ലാമോ ചതവുകൾ, ആകെ പ്രാകൃതമായ ഒരു രൂപം.

പിറകിൽ നിന്നും ഇരുമ്പുലാടങ്ങളുടെ ശബ്ദം കേട്ട് ഞാൻ തിരിഞ്ഞ് നോക്കി.

"പോലീസ്", വിലങ്ങുമായി അവർ നടന്നടുക്കുകയായിരുന്നു. എന്തുചെയ്യണമെന്നറിയാതെ അവശനായി ഞാൻ ആ മരവിച്ചുകിടക്കുന്ന മുഖത്തേയ്ക്ക് നോക്കിക്കൊണ്ടുനിന്നു.

കൈയിൽ വിലങ്ങുവീണപ്പോൾ ആൾക്കൂട്ടത്തിൽ നിന്നും ആരോ വിളിച്ചു പറഞ്ഞ വാക്കുകൾ എന്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു.

"അവൻ കൊലയാളിയാണ്".

ലേഖനം

# ബർമുഡ ട്രയാംഗിൾ

അനിഷ് മാത്യു
റോൾ നമ്പർ: 2767

പ്രകൃതീദേവി കനിഞ്ഞനുഗ്രഹിച്ച ദ്വീപ്. ശാന്തമായ സുഖവാസ കേന്ദ്രം. പക്ഷേ നാവികരുടെ പേടിസ്വപ്നമായ ബർമുഡ ട്രയാംഗിളിന്റെസമീപത്താണ് ആ ദ്വീപ് സ്ഥിതി ചെയ്തിരുന്നത് എന്നതു കൊണ്ടുമാത്രം അവ ഗണിക്കപ്പെട്ടു കിടന്നു. ഈ പ്രകൃതി സുന്ദരമായ ദ്വീപിന്റെ സമീപത്താണ് ഇന്നും ശാസ്ത്രജ്ഞൻമാർക്ക് വിവരിക്കാൻ കഴിയാത്ത അത്ഭുത പ്രതിഭാസമായ ബർമുഡ ട്രയാംഗിൾ. ഈ കമ്പ്യൂട്ടർ യുഗത്തിൽ എത്തിയിട്ടും മനുഷ്യൻ പകച്ചുനിൽക്കുന്ന പ്രകൃതി സത്യങ്ങളിൽ ഒന്നു മാത്രമാണ് ഇത്. 1945 ൽ രണ്ടാം ലോകമഹായുദ്ധ കാലത്ത് അമേരിക്കയുടെ മൂന്നാം കപ്പൽപടയിലെ വിമാന വാഹിനികളിലൊന്ന് ജപ്പാനു നേരെ നീങ്ങുകയായിരുന്നു. അപകട മേഖലയായ ബർമുഡ ട്രയാംഗിലൊട്ടുകടന്ന ആ വിമാനവാഹിനിയെ പിന്നെ മനുഷ്യൻ കണ്ടിട്ടില്ല. അതിനുവേണ്ടിയുള്ള തിരച്ചിലിന് നിയോഗിച്ച രണ്ടു ഹെലികോപ്റ്ററുകളും ഒരു സ്പീഡ് ബോട്ടും ദുരൂഹത നിറഞ്ഞ സാഹചര്യം മാത്രം അവശേഷിപ്പിച്ച് അപ്രത്യക്ഷമായി! എന്താണ് ഈ പ്രതിഭാസത്തിനു പിന്നിൽ? ഇതിനെക്കുറിച്ച് ശാസ്ത്രജ്ഞൻമാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളാണ് ഉള്ളത്. ചിലരുടെ അഭിപ്രായം ഇന്നത്തെക്കാൾ പുരോഗതി പ്രാപിച്ച ഏതെങ്കിലും സംസ്കാരത്തിന്റെ അവശിഷ്ടമായ യന്ത്രത്തിന്റെ ഭാഗങ്ങൾ ഇപ്പോഴും പ്രവർത്തനക്ഷമമാണ് എന്നുള്ളതാണ്. എന്നോ കടലിൽ മറഞ്ഞുപോയ അറ്റ്ലാന്റിസ് എന്ന പ്രാചീന നാഗരികത ഇതിൽ കൂടുതൽ സംശയമർഹിക്കുന്നു. മറ്റു ചിലരുടെ അഭിപ്രായം ബർമുഡ ട്രയാംഗിളിൽ അതിശക്തമായ ഗുരുത്വാകർഷണം മൂലം കപ്പലുകളും വിമാനങ്ങളും കടലിന്റെ അടിത്തട്ടിലേക്ക് ആകർഷിക്കപ്പെടുന്നു എന്നുള്ളതാണ്. ശാസ്ത്രീയത വളരെയുള്ളതാണ് ഈ നിഗമനം. ഏതായാലും ഇന്നും നമ്മെ അമ്പരപ്പിക്കുന്ന ഈ പ്രതിഭാസത്തിന്റെ രഹസ്യം ഇന്നോ നാളെയോ പുറത്താകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.



ചെറുകഥ

# നിലാവിന്റെ നിറം

ലിസാ ലോറൻസ്
റോൾ നമ്പർ 2310

സായംസന്ധ്യ. ചക്രവാളമാകെ സിന്ദൂരം വാരി വിതറിയതുപോലെ. പകലോൻ മടങ്ങുകയായി. ഇളം തെന്നൽ, വെണ്ണ കവർന്നോടുന്ന കാർവർണ്ണനെപ്പോലെ അടുത്തെവിടെയോ ഉള്ള ഏതോ പുഷ്പത്തിന്റെ സുഗന്ധവുമായി വന്ന് എന്നെ മന്ദം തലോടി, പോവുകയായി. ഈ കാറ്റേറ്റ് ചിത്രം വരയ്ക്കാൻ നല്ല സുഖമുണ്ട്. അധികം അകലെയല്ലാതെ കാണുന്ന ആ അസ്തമയ ദൃശ്യം കാൻവാസിൽ പകർത്താനാണല്ലോ ഞാനിവിടെയെത്തിയത്. അടുത്തിടെ നടക്കാൻ പോകുന്ന തന്റെ ചിത്രപ്രദർശനത്തിൽ ഉൾക്കൊള്ളിക്കാൻ രണ്ടു മൂന്നു ചിത്രങ്ങൾ കൂടി വേണം. ഇവിടെയെത്തിയിട്ട് രണ്ടു ദിവസം കഴിഞ്ഞു. ഇതുവരെ ഒരു ചിത്രത്തിന്റെ പോലും പണി പൂർത്തിയായിട്ടില്ല. ഒരു ചിത്രം പകുതിയായതേയുള്ളൂ. സത്യത്തിൽ സമുദ്രതീരത്ത് ഇങ്ങനെയൊരു വീടു കിട്ടിയത് എന്റെ ഭാഗ്യമാണ്. ഈ വീടിന്റെ ടെറസിൽ നിന്നു നോക്കിയാൽ ഒരു വശത്ത് കടലും. മറുവശത്ത് അകലെയായി കാണുന്ന മലകളും പച്ചപ്പുൽമേടും. പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ദൃശ്യമാണ് രണ്ടും. കഴിഞ്ഞ രണ്ടു ദിവസവും ഞാനീ ദൃശ്യമൊക്കെ ആസ്വദിക്കയായിരുന്നു. കണ്ടിട്ടും കണ്ടിട്ടും മതിവരുന്നില്ല. ഇന്നെങ്കിലും ഈ ചിത്രം പൂർത്തിയാക്കണം.

ചിത്രം ഒരുവിധം പൂർത്തിയായപ്പോഴേക്കും സൂര്യദേവന്റെ രഥം ചക്രവാളസീമയെ തൊട്ടുതൊട്ടില്ല എന്ന വിധമായി. ഇനി ബാക്കിയുള്ള മിനുക്കുപണികൾ പിന്നീടാവാം. ഈ ദൃശ്യം നന്നായിട്ടൊന്നു കൂടി കാണട്ടെ എന്നോർത്തു ടെറസിന്റെ അറ്റത്തേക്കു നീങ്ങി നിന്ന എന്റെ കണ്ണുകൾ, തീരത്തെ ചുംബിക്കുന്ന തിരമാലകളിൽ നിന്നും അടുത്ത വീടിന്റെ മുറ്റത്തേക്കു വഴുതി വീണു. വീടിന്റെ മുൻവശത്ത് ഒരു പെൺകുട്ടി തന്റെ പൂന്തോട്ടത്തിലെ പൂക്കളുമായി കിന്നാരം പറയുന്നു. കുളി കഴിഞ്ഞ് വിതിർത്തിട്ട മുടി നിതംബം കവിയുമാറുണ്ട്. ഫ്രാംസ്കർട്ടും ബ്ലൗസുമാണ് വേഷം. തോളൊപ്പം

വച്ച് മുടിമുറിച്ച് മിനിസ്കർട്ടും മാക്സിയും മാറിമാറി ധരിക്കുന്ന പരിഷ്കാരി പെൺകുട്ടികളുടെയിടയിൽ വഴിതെറ്റിവന്നതാണോ ഇവളെന്ന് സംശയം തോന്നി. ആ പ്രത്യേകത കൊണ്ടു തന്നെയാണ് പിന്നെയും അവളെ ശ്രദ്ധിക്കാൻ തനിക്ക് തോന്നിയതും. മറ്റുള്ളവരറിയാതെ അവരുടെ ചലനങ്ങൾ ശ്രദ്ധിക്കുന്നത് പണ്ടേ തനിക്കൊരു കൗതുകമായിരുന്നല്ലോ. കടൽക്കാറ്റേറ്റ് പാറുന്ന കുന്തൽ ഒരു കൈകൊണ്ട് ഒതുക്കാൻ ശ്രമിച്ചുകൊണ്ട് അവൾ ഒരു റോസാപുഷ്പത്തെ മുഖത്തോടു ചേർത്തു. അതിന്റെ മൃദുലതയിൽ കവിളുകൾ അമർത്തി എന്തോ മന്ത്രിക്കുന്നതുപോലെ. അതിനോടെന്തോ സ്വകാര്യം പറയുകയാണെന്നേ തോന്നൂ. തന്നെ അനുസരിക്കാത്ത കാറ്റിന്റെ കുസൃതിയോട് അതിനോടൊപ്പം പോകാൻ വെമ്പുന്ന മുടിയിഴകളെ അലസമായി മാടിയൊതുക്കി അവൾ പിച്ചിയുടെ ചുവട്ടിലേക്കു നടന്നു. നടക്കുമ്പോൾ നാദം പൊഴിക്കുന്ന പാദസ്വരങ്ങൾക്കും ഒരു പ്രത്യേക ഈണം. കുറച്ചധികം പിച്ചിമൊട്ടുകൾ പറിച്ച് കൈക്കുമ്പിളിൽ ഒതുക്കി അവൾ അകത്തേക്കു കയറി. അങ്ങോട്ടേക്കു തന്നെ നോക്കാൻ പ്രേരിപ്പിക്കുന്ന എന്തോ ഒരാകർഷണീയത അവൾക്കുണ്ട്. അല്പനേരം കൂടി അവൾ പോയ വഴിയേ നോക്കി നിന്നപ്പോൾ തോന്നി ആ അസ്തമയത്തെക്കാൾ അവളുടെ വദനത്തിലെ പുഞ്ചിരിയുടെ ഉദയം തന്റെ ചിത്രത്തിന്റെ പ്രമേയമാക്കിയാലോയെന്ന്. എത്രനേരം അങ്ങനെ ചിന്തകളിലാണ്ട് നിന്നെന്നറിയില്ല. സന്ധ്യ ഇരുട്ടിന് വഴിമാറിക്കൊടുത്തിരിക്കുന്നു. കാൻവാസുമെടുത്ത് താഴേക്കിറങ്ങവേ വെറുതേ അപ്പുറത്തെ വീട്ടുമുറ്റത്തേക്കു നോക്കി, അവിടെ അവളുണ്ടോ എന്നറിയാൻ. ഇല്ല. അവിടെയാരുമില്ല.

അലാറം കേട്ടാണ് ഞാനുണർന്നത്. തലേന്ന് ഉറങ്ങിയപ്പോൾ വൈകി. അപ്പുറത്ത് കണ്ട പെൺകുട്ടിയായിരുന്നു മനസ്സുനിറയെ. പല പെൺകുട്ടികളെയും പരിചയപ്പെട്ടിട്ടുണ്ടെങ്കിലും ഇവളിൽ എന്തോ ഒരു പ്രത്യേകത ഉണ്ട് എന്നു മനസ്സു മന്ത്രിക്കുന്നതുപോലെ. പതിയെ എഴുന്നേറ്റ് ജനാലയ്ക്കൽ നിന്നുകൊണ്ട് അപ്പുറത്തേക്കു നോക്കി. ഇടയ്ക്ക് മതിലൊന്നുമില്ലാത്തതു കൊണ്ട് ആ വീടും മുറ്റവും നന്നായി കാണാം. ഇവിടെ നിന്നാൽ. ഈറൻമുടി തുമ്പുകെട്ടി പിച്ചകപ്പൂമാലയും ചൂടി തുളസിത്തറയെ തൊഴുതു വലം വയ്ക്കുന്നു അവൾ. ആ കാഴ്ച കണ്ടപ്പോൾ മനസ്സു നിറഞ്ഞതുപോലെ തോന്നി. മൂന്നാമത്തെ പ്രാവശ്യം വലംവച്ച് അഞ്ജലിബദ്ധയായി നമസ്കരിക്കുന്ന അവളെ കണ്ടപ്പോൾ ആ ശില്പം മെനഞ്ഞെടുത്ത ശില്പിയെ മനസാ അഭിനന്ദിക്കാതിരിക്കാൻ കഴിഞ്ഞില്ല. തലയുയർത്തി മിഴി തുറന്ന അവൾ ഒരു നിമിഷം ഒന്നു പരിഭ്രമിച്ചതുപോലെ. അതിന്റെ കാരണം എന്നെ കണ്ടതാണെന്ന് മനസ്സിലായി. ഒരു തുളസിക്കതിർ പറിച്ചെടുത്ത് മുടിത്തുമ്പിൽ തിരുകി തിരിഞ്ഞു നടന്ന അവൾക്ക് പോകാൻ ധൃതിയുള്ളതുപോലെ. എന്നാൽ അകത്തേക്കു കയറുന്നതിനു മുമ്പ്, അവളെത്തന്നെ ഇമവെട്ടാതെ നോക്കിനിന്ന എന്നെ അവളൊന്നു തിരിഞ്ഞു നോക്കി. അപ്പോൾ, 'കാലിൽ ദർഭമുന കൊണ്ടെന്നതു പോലെ' ദുഷ്യന്തനെ തിരിഞ്ഞു നോക്കിയ ശകുന്തളയെയാണെനിക്കോർമ്മ വന്നത്. ഞാനൊന്നു പുഞ്ചിരിച്ചു. വേണോ വേണ്ടയോ എന്നമട്ടിൽ ഒന്നു ശങ്കിച്ചു നിന്നിട്ട് അവളും. ആ വീടിന്റെ ഉമ്മറത്ത് നാല്പത്തിയഞ്ചിനോടടുത്ത് പ്രായം തോന്നുന്ന ഒരാൾ പത്രപാരായണത്തിൽ മുഴുകിയിരിക്കുന്നതും കണ്ടു.



അവളുടെ അച്ഛനാണെന്നു വ്യക്തം. അയാളെയും ഒന്നു നോക്കി, അവൾ അകത്തേക്കു പോയി. അന്നു പകൽ പിന്നെയവളെ കണ്ടതേയില്ല.

വൈകുന്നേരം പതിവുപോലെ ക്യാൻവാസുമെടുത്ത് ടെറസിനുമുകളിലെത്തി. ഞാൻ അവിടെയൊക്കെ ഒന്നു കണ്ണോടിച്ചു. ഏയ്. അവളുടെ പൊടിപോലുമില്ല അവിടെയെങ്ങും. മറ്റൊരു നിരാശ തോന്നാതെയിരുന്നില്ല. എന്നാലും ഞാനെന്റെ ജോലിയിൽ മുഴുകി. ഹാവൂ! ഒരു ചിത്രം പൂർത്തിയായി എന്ന ആശ്വാസത്തോടെ നിശ്വസിച്ചുകൊണ്ട് തലയുയർത്തിയ ഞാൻ കണ്ടതെന്താണെന്നോ, മനോഹരമായി മെടഞ്ഞിട്ട മുടിയുടെ തുമ്പിൽ പിടിച്ചുകൊണ്ട് ഒരു കൊച്ചുകുട്ടിയുടെ കൗതുകത്തോടെ എന്റെ ചിത്രത്തിലേക്കു നോക്കി നിൽക്കുന്ന അവളെ. അവളുടെ കയ്യിൽ എന്നെത്തന്നെ ഉറ്റുനോക്കിക്കൊണ്ട് ഓമനത്തമുള്ള ഒരു തത്തയും. എന്റെ നിരാശയൊക്കെ സന്തോഷമായി മാറിയ നിമിഷം ഞാനവളെ നോക്കി ഒന്നു പുഞ്ചിരിച്ചു. അവൾ അത് മടക്കിത്തന്നിട്ട് തത്തയെ മാറോടുചേർത്ത് ടെറസിൽനിന്നും താഴോട്ടിറങ്ങിയോടി. തിരിഞ്ഞുനോക്കി ഒന്നുകൂടി മന്ദസ്മിതം പൊഴിച്ചുകൊണ്ട് അവൾ അകത്തേക്കു കയറി.

അവളുടെ വീട്ടിലെ ടെറസിലേക്കും അവൾ പോയ വഴിയിലേക്കും നോക്കിനില്ക്കെ, ഒരു കാര്യം എനിക്കു മനസ്സിലായി. ചിലപ്പോൾ അവളുടെ ആ വശ്യത, ആ നിഷ്കളങ്കത, അത് എന്നെയൊരു കവിയാക്കി മാറ്റിയേക്കും. വാചാലമായ ആ മൗനവും ഒന്നും പറഞ്ഞില്ലെങ്കിലും എല്ലാം മനസ്സിലാക്കിത്തരുന്ന ആ പുഞ്ചിരിയും എല്ലാത്തിനുമുപരി കഥ പറയുന്ന ആ നീണ്ട മിഴികളും.

ഒരാഴ്ച കഴിഞ്ഞു. ഇപ്പോൾ എന്നും വൈകുന്നേരം ഞങ്ങൾ തമ്മിൽ കാണും. അവരവരുടെ വീടിന്റെ ടെറസിൽ വച്ച്. ഓരോ പുഞ്ചിരിയും കൈമാറും. ഇപ്പോഴവൾ എന്നെക്കണ്ടാൽ ഓടാറില്ല. ഒരു ദിവസം ഞാനവളുടെ പേര് ചോദിച്ചു. പരിചയപ്പെടലിന്റെ ആദ്യപടി പേരു ചോദിക്കലാണല്ലോ. ചോദിക്കേണ്ട താമസം, " സ്വപ്ന .... സ്വപ്ന ........ " എന്നൊരഞ്ചാറുതവണ മറുപടിയും കിട്ടി. അവളുടെ തത്തയായിരുന്നു പറഞ്ഞത്. അതുകേട്ടു ഞാൻ ചിരിച്ചുപോയി. ഒപ്പം അവളും. മുത്തുമണികൾ കിലുങ്ങുന്നതുപോലെയുള്ള ചിരി. ഞാനും സ്വയം പരിചയപ്പെടുത്തി. എന്റെ പേരുകേട്ട ആ തത്ത, " വിഷ്ണു .... വിഷ്ണു " എന്നു കുറേയേറെത്തവണ പറഞ്ഞ് അത് പഠിച്ചെടുത്തു. ഇപ്പോൾ ദിനവും എന്നെ കാണുമ്പോൾ " വിഷ്ണു ............... വിഷ്ണു ..." എന്നുപറയാറുണ്ടത്.

അടുത്തദിവസം രാവിലെയും ഞാനവളെ കണ്ടു. കസവുകരയുള്ള മുണ്ടും നേര്യതുമാണ് വേഷം. ആ വേഷം അവൾക്ക് നന്നായിട്ടിണങ്ങുന്നുണ്ട്. നെറ്റിയിൽ ചന്ദനക്കുറിയും കൈയിൽ പ്രസാദവും. അമ്പലത്തിൽ നിന്നു മടങ്ങുകയാണെന്നു വ്യക്തം. ഈ വേഷത്തിൽ അവളെക്കണ്ടാൽ എന്റെ അമ്മപോലും അറിയാതെ പറഞ്ഞുപോകും. "ഇനിമുതൽ നീയാണു മോളേ ഈ വീടിന്റെ ലക്ഷ്മി. അതേ എന്റെ മനസ്സ് അവളെ സ്വന്തമാക്കി കഴിഞ്ഞു. അവളുടെ അച്ഛൻ എങ്ങോട്ടേക്കോ പോകാനിറങ്ങുന്നതു കണ്ടു. ഇനി ഒരാഴ്ചകൂടിയേ ഞാനിവിടെ കാണൂ. എന്റെ ചിത്രമൊക്കെ ഒരുവിധം പൂർത്തിയായിരിക്കുന്നു. പോകുന്നതിനു മുമ്പ് അവളുടെ അച്ഛനെ കണ്ട് എനിക്ക് സ്വപ്നയെ വിവാഹം കഴിക്കാനിഷ്ടമാണെന്നു പറയണം. പിന്നെ തറവാട്ടിൽ ചെന്ന് അമ്മയെയും കൂട്ടി വരണം.

മനസ്സിൽ സന്തോഷം അലയടിക്കുന്നു. ഒരു മൂളിപ്പാട്ടുംപാടി അങ്ങിനെ നടക്കുമ്പോഴാണ് അപ്പുറത്തെവീട്ടിൽ എന്തോ

ക്കെയോ തട്ടിമറിഞ്ഞു വീഴുന്നതുപോലെയുള്ള ശബ്ദം കേൾക്കുന്നത്. ഒപ്പം പേടിച്ചരണ്ടതുപോലെയുള്ള തത്തയുടെ കരച്ചിലും അവിടെയെന്തെങ്കിലും അപകടം .... പിന്നെയൊന്നുമാലോചിച്ചില്ല. ഓടിയെത്തി അവിടെ. മുൻവശത്തെ വാതിൽ അടച്ചിട്ടിരിക്കയാണ്. മുട്ടിയിട്ടും വിളിച്ചിട്ടുമൊന്നും ആരും കേൾക്കുന്നില്ല. കതകു തുറക്കുന്നില്ല ആഞ്ഞടിച്ചു; കതകിൽ ഒന്നു രണ്ടു ചവിട്ടും. അതു തുറന്നു വീണു. ഉള്ളിലേക്കു കയറിയപ്പോൾ ആദ്യം കണ്ടത് അടുക്കളവശത്തു നിന്നും ഉയരുന്ന തീയാണ്. എന്റെ ഉള്ളൊന്നുകാളി. പാട്ടയൊക്കെ തട്ടിമറിയുന്നതു പോലെ ഒച്ചയും കേൾക്കുന്നുണ്ട്. അവിടെയെത്തിയപ്പോൾ കണ്ടത് അടുക്കളയുടെ ഒരു വശത്ത് ഉയരുന്ന തീനാളങ്ങളും മറുവശത്ത്, പാട്ടയും പാത്രവുമൊക്കെ തള്ളിയിട്ട് ഒച്ചയുണ്ടാക്കുന്ന സ്വപ്നയേയുമാണ്. ഭയവിഹ്വലയായ അവൾ ''ആ ...ആ.... ''എന്നൊക്കെ പറഞ്ഞ് എന്തൊക്കെയോ ആംഗ്യം കാട്ടുന്നുണ്ട്.

അവിടുത്തെ തീയണക്കുന്നതിൽ ഞാൻ വിജയിച്ചെങ്കിലും എന്റെ സ്വപ്നങ്ങളുടെ ചിത കത്തിത്തുടങ്ങിയതേ ഉണ്ടായിരുന്നുള്ളു. എന്റെ മനസ്സിൽ എരിഞ്ഞുകൊണ്ടിരുന്ന നെരിപ്പോടണക്കുന്നതിൽ ഞാൻ അമ്പേ പരാജയപ്പെട്ടു.

സ്വപ്ന ഒരു ഊമക്കുട്ടിയാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ എനിക്കേതാനും ദിവസങ്ങൾ തന്നെ വേണ്ടിവന്നു. ജന്മനാ ഉള്ള മൂകതയാണിതെന്നും അത് മാറുകയില്ലെന്നും അവളുടെ അച്ഛനിൽ നിന്നും ഞാനറിഞ്ഞു. എന്റെ സ്വപ്നങ്ങളിലെ നായിക ഒരു മിണ്ടാപ്രാണിയാണെന്നോ! എന്റെ രാജകുമാരി ഒരു ഊമ പെൺകിടാവാണെന്നോ! എനിക്കു വിശ്വസിക്കാൻ കുറേയേറെ സമയം വേണ്ടിവന്നു. ദിവസങ്ങൾക്കു ശേഷം ഇന്നലെ ഞാനൊരു തീരുമാനമെടുത്തു. തറവാട്ടിൽ പോയി അമ്മയെ കൂട്ടിക്കൊണ്ടു വരുന്നില്ല.

ഇന്നു ഞാനിവിടം വിടുകയാണ്. ഞാൻ സംതൃപ്തനാണ്. എന്റെ ചിത്രങ്ങളെല്ലാം പൂർത്തിയായി. എന്നാൽ അവയോടൊപ്പം ഒരു ചിത്രം കൂടി ഞാൻ കൊണ്ടുപോകുന്നുണ്ട്. പ്രപഞ്ചസൃഷ്ടാവിന്റെ കരങ്ങളാൽ രചിക്കപ്പെട്ട ജീവനുള്ള ഒരു ചിത്രം സ്വപ്ന-എന്റെ പെണ്ണ്. അമ്മയോട് അനുവാദം വാങ്ങാൻ പോയാൽ ലഭിച്ചെന്നു വരില്ല. അതുകൊണ്ട് അവളുടെ അച്ഛന്റെ മാത്രം സാന്നിദ്ധ്യത്തിൽ ഇന്നു രാവിലെ ഞങ്ങൾ വിവാഹിതരായി. അവളെ ഇവിടെ ഉപേക്ഷിച്ചു പോകാൻ എനിക്ക് കഴിയില്ല. ഊമയാണെന്നറിഞ്ഞ ശേഷവും അവളോടുള്ള എന്റെ സ്നേഹം വർദ്ധിച്ചിട്ടേയുള്ളൂ. അവൾക്ക് സംസാരിക്കാൻ കഴിയില്ലെന്നല്ലേയുള്ളൂ. കഥ പറയുന്ന ആ കണ്ണുകൾ എന്തു വാചാലമാണ്. ആ കണ്ണുകൾ പറയുന്ന കാര്യങ്ങൾ കേൾക്കാൻ എനിക്ക് ഒരു ജന്മം പോരെങ്കിലേയുള്ളൂ എന്ന വിശ്വാസത്തോടെ ഞാൻ പോവുകയാണ്— അവളേയും കൊണ്ട്. □





# മറ്റൊരു കർണ്ണൻ

രാജേഷ്. സി. കെ
റോൾ നമ്പർ : 2364

വളരെ നേരത്തെ കാത്തിരുപ്പിനുശേഷമാണ് അയാൾ ബസ്സിൽ കയറിപ്പറ്റിയത്. കാലുകുത്തുവാൻപോലും സ്ഥലമില്ലാത്ത ബസ്സിൽ ആളുകളെ വീണ്ടും കയറ്റിക്കൊണ്ടിരുന്നു. ബസ്സ് മുന്നോട്ടെടുത്തപ്പോൾ ശരീരത്ത് തട്ടികടന്നുപോയ ഇളംകാറ്റ് അയാൾക്ക് കുളിർമയും സുഖവും നൽകി. എങ്കിലും അയാൾക്കിറങ്ങേണ്ട സ്റ്റോപ്പ് ആയപ്പോഴേക്കും വിയർത്തുകുളിച്ചിരുന്നു.

തിരക്കിനിടയിലൂടെ ഒരു വിധത്തിൽ ഊളിയിട്ടിറങ്ങി അയാൾ ഓഫീസിലേക്ക് നടന്നു. സഹപ്രവർത്തകർക്ക് ഒരു പുഞ്ചിരി സമ്മാനിച്ച് അയാൾ ഡോർ തുറന്ന് അകത്തു കടന്നു. കഴിഞ്ഞ കുറെ ദിവസങ്ങൾ തിരക്കുള്ളവയായിരുന്നതിനാൽ, ഫയലുകൾ ധാരാളം അയാൾക്കു പരിശോധിക്കുവാനുണ്ടായിരുന്നു. പൂർണ്ണമായും ശ്രദ്ധ ഫയലുകളിൽ കേന്ദ്രീകരിച്ചിരിക്കുമ്പോൾ പ്യൂൺ വന്നറിയിച്ചു.

''സാർ' ആരോ കാണാൻ വന്നിരിക്കുന്നു'' 'വരാൻ പറയൂ'' അനുവാദം കൊടുത്തിട്ട് അയാൾ ആഗതനെ പ്രതീക്ഷിച്ചിരുന്നു. കടന്നുവന്നയാളെ കണ്ട് അയാളൊന്നു ഞെട്ടി.

'അമ്മ' ആ രണ്ടക്ഷരം പൂർത്തീകരിക്കുവാൻ അയാൾക്കായില്ല. അയാളുടെ ചുണ്ടുകൾ വിറപൂണ്ടു. സമ്മിശ്ര വികാരങ്ങളോടെ അയാൾ അവരുടെ മുഖത്തേക്ക് ഉറ്റുനോക്കി. അവരുടെ നേത്രങ്ങളും നിറഞ്ഞൊഴുകി. ഞെട്ടലടക്കുവാൻ അവർ പണിപ്പെട്ടു ശ്രമിച്ചു.

ഒടുവിൽ സംയമനം വീണ്ടെടുത്ത് അവർ ചോദിച്ചു.

'എന്റെ മോന് ഇവിടെയാണോ ജോലി? ആണെന്നോ, അല്ലെന്നോ അയാൾ മറുപടി പറഞ്ഞില്ല. അയാളുടെ കണ്ണുകൾ അവരെ അടിമുടി പരതിനോക്കുകയായിരുന്നു. ഇരുപതു വർഷങ്ങൾകൊണ്ട് അവർക്ക് വളരെയധികം മാറ്റങ്ങൾ വന്നിരിക്കുന്നതായി അയാൾക്കു തോന്നി. കറുത്തിരുണ്ട് ഇടതൂർന്ന, തലമുടിയെ നര ആക്രമിച്ചിരിക്കുന്നു. മനോഹരങ്ങ

ളായ നേത്രങ്ങൾ കുഴിയുകയും, ചുവന്നു തുടുത്ത കവിൾത്തടങ്ങൾ ഒട്ടുകയും ചെയ്തിരുന്നു. മുഖത്തെ ദൈന്യഭാവം പട്ടിണിയെ വിളിച്ചറിയിക്കുന്നുണ്ട്.

ഒരു നിമിഷം അയാൾ തന്നെതന്നെ മറന്നു. കർണ്ണന്റെ കഥയുടെ ആവർത്തനം അഭിമാനം കാക്കുവാൻ വേണ്ടി ആദ്യകുഞ്ഞിനെ ഉപേക്ഷിച്ച 'കുന്തി' 'സുഖത്തിനുവേണ്ടി അച്ഛന്റെ മരണശേഷം തന്നെയുപേക്ഷിച്ച അമ്മ' രണ്ടുപേർക്കും സാമ്യമുണ്ട്.

കുഞ്ഞുന്നാളിൽ അമ്മയുടെ സ്നേഹത്തോടെയുള്ള വിളികേൾക്കുവാൻ താൻ കൊതിച്ചിരുന്നു. അമ്മയുടെ മാതാപിതാക്കളുടെ തണലിൽ താൻ കൊച്ചുനാളുകൾ കഴിച്ചുകൂട്ടി. നടു മുറ്റവും നാലുകെട്ടുമുള്ള ആ വലിയ വീട്ടിൽ അവനെന്നും തനിച്ചായിരുന്നു. അവന്റെ ജല്പനങ്ങളും വിലാപങ്ങളും ആ ഭിത്തികളിൽ തട്ടി തെറിച്ചിട്ടേയുള്ളൂ. അന്നൊക്കെ അമ്മയെ കണ്ടിരുന്നെങ്കിലും അവർ അപരിചിതത്വത്തിന്റെ മുഖം മൂടി അണിഞ്ഞു കടന്നുപോകുമായിരുന്നു.

സൂത പുത്രനായി വളർന്ന കർണ്ണന്റെ വേദന അയാൾക്കറിയാം. ആയുധാഭ്യാസനകാലത്തും തുടർന്നും കർണ്ണന് അഭിമുഖീകരിക്കേണ്ടിവന്ന വേദനയും, അതുപോലുള്ള പല സന്ദർഭങ്ങളും അയാൾക്കും നേരിടേണ്ടി വന്നിട്ടുണ്ട്.

കുരുക്ഷേത്രയുദ്ധസമയത്ത് മക്കളുടെ സംരക്ഷണത്തിനു വേണ്ടി സഹായം അഭ്യർത്ഥിച്ചു ചെല്ലുന്ന 'കുന്തി'. നിർണ്ണായകമായ നിമിഷത്തിൽ പോലും അമ്മയെ അധികമൊന്നും കുറ്റപ്പെടുത്താത്ത കർണ്ണൻ, ആ കഥാപാത്രങ്ങൾ അവന്റെ ഹൃദയത്തെ വളരെ സ്വാധീനിച്ചിരുന്നു. എന്നെങ്കിലുമൊരിക്കൽ കുന്തിയെപ്പോലെ, തന്റെ അമ്മയും തന്റെയടുത്ത് വരുമെന്ന് അവൻ കരുതിയിരുന്നു. അതെ ഇന്ന് തന്റെ അമ്മ തന്നെ കാണാൻ വന്നിരിക്കുന്നു.

കാറ്റ് ജനൽപ്പാളിയിൽ ശക്തിയായി വന്നടിച്ചപ്പോഴാണ് അവന് ബോധമുണ്ടായത്. ഒരു സ്വപ്നത്തിലെന്നവണ്ണം അവൻ കണ്ടു. അമ്മ കരഞ്ഞു കൊണ്ടവിടെതന്നെ നിൽക്കുന്നു.

'എന്തിനാണ് അമ്മ വന്നത്'? അവൻ ശബ്ദം താഴ്ത്തി ചോദിച്ചു. 'അത്' അവർ അർദ്ധോക്തിയിൽ നിർത്തി.

'ഉം പറയൂ' അവൻ പ്രോത്സാഹിപ്പിച്ചു. 'നിന്റെ അനിയൻ ഇവിടെ ജോലി അന്വേഷിച്ചു വന്നിരുന്നു. അത് എന്തായി എന്നറിയുവാൻ വന്നതാ.

നീ ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നുവെന്ന് അവൻ പറഞ്ഞു''

ശങ്കിച്ചാണ് അവരത് പറഞ്ഞത്, ഓ അതാണോ കാര്യം ഞാൻ ശ്രമിക്കാം''

'എങ്കിൽ ഞാൻ പോകട്ടെ' അവർ അനുവാദത്തിനായി കാത്തുനിന്നു.

ഇരുപതുവർഷങ്ങൾക്ക് ശേഷം തന്നെ തേടിവന്ന, തന്റെ അമ്മയ്ക്ക്, സ്നേഹോപഹാരമായി കൊടുക്കുവാൻ അത് മാത്രമേ അവനിൽ, ആ മനോഘനിമിഷത്തിലുണ്ടായിരുന്നുള്ളൂ. അവർ വളരെ ദയനീയമായി അവനെ നോക്കിക്കൊണ്ട് ഡോർ തുറന്ന് പുറത്തിറങ്ങി.





# കൂട്ടുകാരി

ലീനാ വാസു
റോൾ നമ്പർ : 2485

അർദ്ധരാത്രിയായിട്ടും അവൾക്ക് ഉറക്കം വന്നില്ല. ആയിരമായിരം ചിന്തകൾ ഉള്ളിൽ പാഞ്ഞുനടക്കുന്നു. അവൾ പ്രതീക്ഷിക്കാത്ത പലതുംനടന്നു. അതും, ഒരിക്കലും കാത്തിരിക്കാത്ത ഒരു കൂടിക്കാഴ്ച! മനസ്സിൽ ആനന്ദത്തിന്റെ തിരമാലകൾ അലയടിച്ചുപൊങ്ങിയെങ്കിലും, ഏതോ ഒരു കോണിൽ അവൾ സ്വയം ശപിക്കുകയായിരുന്നു.

അന്ന് കോളേജിലേയ്ക്ക് ബസ്സിൽ പോകുമ്പോഴാണ്, മായ അച്ഛനുമൊത്ത് വഴിയോരത്ത് നില്ക്കുന്നത് കണ്ടത്. അപ്പോൾ ഇറങ്ങിയോടി അവളുടെയടുത്ത് ചെല്ലാൻ ആശിച്ചതാണ്. പക്ഷേ, എന്തോ ഒന്ന് അവളെ അതിൽ നിന്നും പിന്തിരിപ്പിച്ചു. ബസ്സിലിരുന്നിട്ടാണെങ്കിലും കണ്ണിൽ നിന്നും മായുന്നതുവരെ അവൾ മായയെ നോക്കിയിരുന്നു.

പിരിഞ്ഞിട്ട് ഒരുവർഷമേ ആയിട്ടുള്ളുവെങ്കിലും അനേകം യുഗങ്ങളുടെ ദൈർഘ്യം അവൾക്കനുഭവപ്പെട്ടു. പിരിയുന്നതിന് കുറച്ച് ദിവസം മുമ്പ് അവർ പിണങ്ങിയതാണ്. ഇതുവരെയും അന്യോന്യം മിണ്ടിയിട്ടില്ല. ഒരേ ഹോസ്റ്റലിൽ, ഒരേ മുറിയിൽ ഒന്നിച്ചുതാമസിച്ച് പഠിച്ചിരുന്ന കാലം. ഇടയ്ക്കിടയ്ക്ക് കുറച്ച് പിണക്കങ്ങൾ ഉണ്ടാകുമായിരുന്നു. അതും, അല്പസമയത്തേക്ക് മാത്രം. മായയെ അവൾ തന്റേതുമാത്രമായ കൂട്ടുകാരിയായിക്കരുതി. ആ സുഹൃദ് ബന്ധം ശക്തമായി അങ്ങനെ നിലനില്ക്കവേ, ആ മുറിയിൽ പുതിയൊരാൾ കൂടി വന്നു- വിമല. വിമലയുടെ ആഗമനത്തോടുകൂടി മായയ്ക്ക് തന്നോടുള്ള അടുപ്പം കുറഞ്ഞതുപോലെ അവൾക്ക് തോന്നി. ആദ്യം വെറുമൊരു തോന്നലായിക്കരുതിയെങ്കിലും നാൾക്കുനാൾ ചെല്ലുന്തോറും ആ സംശയം വർദ്ധിച്ചുകൊണ്ടിരുന്നു. മായയോട് അധികമൊന്നുംകൂടാറില്ലെന്നായി. ഒരു ദിവസം മായ ഈ അകൽച്ചയെക്കുറിച്ച് അവളോട് ചോദിച്ചു. അവൾ ഒന്നും മിണ്ടിയില്ല. അവൾക്ക് മായയോട് അത്രയ്ക്ക് ദേഷ്യം തോന്നിയിരുന്നു. പിരിഞ്ഞുപോകുന്ന ദിവസം മായയോട് ഒരു വാക്ക് പോലും പറയാതെയാണ് അവൾ അവിടെ നിന്നിറങ്ങിയത്.

ഇപ്പോൾ, അവൾക്ക് അവളുടെ മനസ്സ് സാക്ഷിയോടു തന്നെ വെറുപ്പ് തോന്നി. താൻ കാരണം മായ എത്ര വിഷമിച്ചു കാണും. എല്ലാം തന്റെ തെറ്റിദ്ധാരണകളാണെന്ന് പിന്നെയാണവൾ മനസ്സിലാക്കിയത്. ഉള്ളിൽ സന്തോഷത്തിന്റെ കുമിളകൾ നുരഞ്ഞുപൊങ്ങിയപ്പോഴും, പഴയകാര്യങ്ങൾ ഓർത്ത് കണ്ണിൽ നിന്നും അശ്രുബിന്ദുക്കൾ ഇറ്റിറ്റുവീണു കൊണ്ടിരുന്നു. കത്തിത്തീരാറായ മെഴുകുതിരി അണച്ച് അവൾ ഉറങ്ങാൻ കിടന്നു.

പിറ്റേദിവസം, വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടാണ് അവൾ ഉണർന്നത്. നേരം നന്നേ പുലർന്നിരുന്നു. അന്ന് തൊട്ട് അവളുടെ മുറിയിൽ പുതിയൊരാൾകൂടി താമസിക്കുവാൻ വരുന്നുണ്ടെന്ന് പറയാൻ വേണ്ടി മേട്രൻ വന്നതാണ്. മേട്രൻ പോയ്ക്കഴിഞ്ഞപ്പോഴാണ് ആ പുതിയകൂട്ടുകാരി വന്നത്. മായയെന്ന ആ 'പുതിയ' കൂട്ടുകാരിയെക്കണ്ട് അവൾ തെല്ലൊന്ന് ഞെട്ടി. രണ്ടു പേരുടെയും കണ്ണുകൾ പരസ്പരം ഇടഞ്ഞു കഴിഞ്ഞ കാലകാര്യങ്ങളെക്കുറിച്ചോർത്താകാം അവരുടെ കണ്ണുകളിൽ നനവുപടർന്നത്. പഴയപിണക്കമെല്ലാം മറന്ന്, അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരിവിടർന്നു. മായയുടെ കൈപിടിച്ച്, ആത്മാർത്ഥമായി ആ കൂട്ടുകാരിയെ അവൾ അകത്തേയ്ക്ക് ആനയിച്ചു. ആ നിമിഷം മുതൽ അവരുടെയിടയിൽ പുതിയ ഒരു സുഹൃദ്ബന്ധം ആരംഭിക്കുകയായിരുന്നു. ഒരിക്കലും അവസാനിക്കാത്ത ഒരു മാന്ത്രിക വലയം !





**കവിത**

# "ദൈവമേ നിന്നോടായ്"

എൽ. സുരേഷ്കുമാർ
ആർട്ട് മാസ്റ്റർ

ധരയിൽ ദരിദ്രരായുള്ള നാമെന്നുമേ,
വന്ദ്യനാം ദൈവത്തെ ധ്യാനിയ്ക്കുന്നു!
തിന്മ കളഞ്ഞെന്നും നന്മകൾ ചെയ്യുവാൻ
സന്മനോഭാവത്തെ നൽകേണമേ....
ധർമ്മത്തിൻ ധന്യത കാട്ടുവാൻ കൃഷ്ണനായ്,
ഭൂമിയിലന്നുനീ ജാതനായി!
ക്രിസ്തുവായ് വന്നുനീ ക്രൂദ്ധരാം ഞങ്ങൾക്കു,
ത്യാഗത്തിൻ ശക്തി പകർന്നുതന്നു!
സ്ഥൈര്യസന്ദേശമീ മാനുഷർക്കേകുവാൻ,
മണ്ണിതിൽ വന്നു മുഹമ്മദായി!
പകലിൻപ്രകാശവും ചൂടും പകരുവാൻ,
പകലോനായെന്നുമവതരിപ്പൂ!
രാവിൽ നിലാവും കുളിരും പകരുവാൻ,
പൂർണ്ണേന്ദുവായ് വാനിൽ വന്നിടുന്നു!
മാതാപിതാഗുരു രൂപങ്ങളിൽനിത്യം,
വാഴുന്നു മർത്ത്യർക്കിടയിലും നീ!

ചെറുകഥ

# വിങ്ങുന്ന ഹൃദയം

ശരത്ചന്ദ്രൻ. കെ. പി
റോൾ നമ്പർ 2402

തെളിഞ്ഞ പ്രഭാതത്തെ സൂചിപ്പിച്ചുകൊണ്ട് അർക്കൻ കിഴക്കൻ ചക്രവാളത്തിൽ പുഞ്ചിരി പൊഴിയ്ക്കുന്നു! ഒരു കാസരോഗിയെപ്പോലെ അണച്ചുകൊണ്ട് ഒരു ബസ് ആ കവലയിൽ വന്നു നിന്നു! കഠിനമായ ദുഃഖംപേറുന്ന മുഖത്തോടെ ഒരു യുവാവ് ബസ്സിൽ നിന്നിറങ്ങി നടന്നു.

രാവിലെ നല്ല തണുപ്പുള്ള സമയമായതിനാൽ അടുത്തുള്ള വീടുകളിലൊന്നും ആളനക്കമില്ല. നിശ്ശബ്ദമായ ഗ്രാമാന്തരീക്ഷത്തെ ഭഞ്ജിക്കാനെന്നവണ്ണം കിളികളുടെ കളകളാരവങ്ങൾ മാത്രം കേൾക്കാം. അടുത്തുള്ള ഒരു ചെറിയ ചായക്കടയിൽ കുറെ വൃദ്ധന്മാർ 'മൂടിപ്പുതച്ച്' കട്ടൻ കാപ്പി മോന്തുന്നുണ്ട്. പുഴക്കടവിലേയ്ക്ക് നടന്നു നീങ്ങിയ അയാൾ പെട്ടെന്നെന്തോ തീരുമാനിച്ചെന്നവണ്ണം തിരിച്ച് ചായക്കടയിലേയ്ക്ക് കയറി. അന്യനായ അയാളെക്കണ്ട് എല്ലാവരും അമ്പരന്നു! കാലുറയ്ക്കാത്ത അടുത്ത ബഞ്ചിൽ അയാൾക്കിരിയ്ക്കാൻ ഒരു വൃദ്ധൻ സ്ഥലമുണ്ടാക്കിക്കൊടുത്തു.

ഓർമ്മകൾ വേർതിരിച്ചെടുക്കുന്ന മറ്റുള്ളവർക്കിടയിൽ അയാൾ തികച്ചും അന്യനായിരുന്നു.

ഒഴിഞ്ഞ ഗ്ലാസുകൾ കൈവിരലുകളിൽ തൂക്കിപ്പിടിച്ച് നടക്കുകയായിരുന്ന ചായക്കടക്കാരൻ എന്തു വേണമെന്ന അർത്ഥത്തിൽ യുവാവിനെ നോക്കി. ദീക്ഷയിൽ മെല്ലെ തടവിക്കൊണ്ട് അയാൾ ഒരു 'കാപ്പി' എന്നു മന്ത്രിച്ചു. കടക്കാരന്റെ കാലടികൾക്ക് താളംപിടിച്ചുകൊണ്ട് യുവാവ് കുനിഞ്ഞിരുന്നു. അപ്പുറത്തിരുന്ന ഒരു വൃദ്ധൻ ബഞ്ചിൽതട്ടി ശബ്ദമുണ്ടാക്കാതെ യുവാവിനടുത്തെത്തി അഭിമാനപുരസ്സരം ചോദിച്ചു—

''അങ്ങയെ എവിടെയോ വച്ചു കണ്ട പരിചയമുണ്ട്. പൊഴക്കടവിലേയ്ക്ക് നടക്കുന്നത് കണ്ടപ്പോ.................''

''ആ....ഞാൻ കടവിനപ്പുറത്തെ ആര്യൻ കുന്നിലെ....'' യുവാവിന്റെ മറുപടി കേട്ടപാടെ സന്തോഷത്തോടെ കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ട് വൃദ്ധൻ പറഞ്ഞു—



''ഓ! ഇപ്പം പുടികിട്ടി! അക്കരെ അച്യുതൻ നായരുടെ മകനല്ലേ? .... താൻ പണ്ടിവിടുന്നു പോയപ്പോൾ ഒരു കിളുന്തു പയ്യനായിരുന്നല്ലോ? ഇപ്പോൾ മുടിയും താടിയുമൊക്കെ വളർത്തി.... അതു പോട്ടെ. ഇപ്പോൾ എവിടെയാ?''

മറുപടി നല്കാൻ അനിക്ക് യാതൊരു താല്പര്യവുമില്ല. താൻ ഇവിടം വെറുക്കുന്നു. നാടുവിട്ടുപോയ അനി പൂർവ്വവൈരാഗ്യത്തോടെ തിരിച്ചുവന്നിരിക്കുന്നു എന്നു വെല്ലുവിളിക്കാനൊന്നും താല്പര്യമില്ല. പക്ഷേ വൃദ്ധൻ മറുപടിക്കു വേണ്ടി കാത്തുനില്ക്കുന്നു.

''കുറെ വടക്കാണ്''.

അയാൾ ഉദാസീനമായി മറുപടിപറഞ്ഞു.

''അച്ഛൻ മരിച്ചപ്പോഴും വന്നില്ലല്ലോ; കുറെ കഷ്ടപ്പെട്ടു. മരിക്കാൻ കാലത്ത് ആരും സഹായത്തിനില്ലായിരുന്നു'' വീണ്ടും ചിന്തകളെ തിരിച്ചു വിടുകയാണ് വൃദ്ധൻ.

''അച്ഛൻ മരിച്ചത് ഒരു സുഹൃത്തു വഴിയാണ് അറിഞ്ഞത്. രണ്ടു വർഷത്തിനുശേഷം ഒരു റെയിൽവേ സ്റ്റേഷനിൽ വച്ച്''— അച്ഛൻ എങ്ങിനെ കഷ്ടപ്പെടാതിരിയ്ക്കും എന്ന് അനിയുടെ മനസ്സ് മന്ത്രിച്ചു. അച്ഛൻ ചെയ്ത ക്രൂരതകൾക്ക് കണക്കില്ലല്ലോ?

അരണ്ട വെളിച്ചത്തിൽ കണക്കു കൂട്ടുകയായിരുന്ന ചായക്കടക്കാരന്റെ കൈയ്യിൽ കാശു കൊടുത്ത് ബാക്കി വാങ്ങി ഇറങ്ങി നടന്ന അനിയെ വൃദ്ധൻ പിന്തുടർന്നു.

മഴവെള്ളപ്പാച്ചിലിൽ വഴിയാകെ കുണ്ടും കുഴിയുമായിരിക്കുന്നു. അവിടെ കൂട്ടം കൂടി നില്ക്കുന്ന ഇലഞ്ഞിക്കാടുകളും, പൂത്തു നില്ക്കുന്ന പുന്നമരങ്ങളും കണ്ടപ്പോൾ അനിയുടെ ഹൃദയം എന്തിനോ വേണ്ടി തുടിച്ചു. അയാളുടെ ചിന്തകൾ അങ്ങകലെ എവിടെയോ ആയിരുന്നു.

''അപ്പോൾ എന്നെ മനസ്സിലായിക്കാണുമല്ലോ? പുനയ്ക്കലെ കുഞ്ഞച്ചനാ. അച്യുതനും ഞാനും ചങ്ങാതികളായിരുന്നു. ഇടയ്ക്കൊക്കെ താൻ വീട്ടിലേയ്ക്ക് വരാം, ട്ടോ!''- യുവാവിനെ ചിന്തകളിൽ നിന്ന് മോചിപ്പിച്ചു കൊണ്ട് വൃദ്ധൻ പറഞ്ഞു.

കടവ് കടന്നപ്പോൾ അയാൾ അത്ഭുതപ്പെട്ടുപോയി! താൻ കളിച്ചു നടന്നിരുന്ന ഈ സ്ഥലങ്ങളിലെ വൃക്ഷലതാദികൾക്കൊക്കെ കോട്ടം സംഭവിച്ചിരിക്കുന്നു. കഷ്ടം! ഒരു ദീർഘ നിശ്വാസത്തിനു ശേഷം പുഴക്കടവിൽ നിന്നു മുഖവും കഴുകി അയാൾ നടന്നു. നേരെ ചെന്നത് വല്യേച്ചിയുടെ വീട്ടിലേയ്ക്കാണ്. പൂമുഖത്ത് നിന്നിരുന്ന കുട്ടി അനിയെക്കണ്ടപ്പോൾ അകത്തേയ്ക്കോടി അമ്മയുമായി വന്നു.

''അനീ'' എന്ന വിളി!

വല്യേച്ചി ആകെ മാറിയിരിക്കുന്നു. വിളറിയ മുഖം. വേഷവിധാനങ്ങളിൽ ഒരു ശ്രദ്ധയുമില്ല. ക്രൂരനായിരുന്ന അച്ഛന്റെ ആദർശങ്ങളുടെ ബലിയാടായിരുന്നല്ലോ എന്നും വല്യേച്ചി. അതിന്റെ പശ്ചാത്താപമായി ആ കുട്ടിയും.

''ഇതാരാമ്മേ?''- കുട്ടിയുടെ ഔത്സുക്യം വാക്കുകളായി പുറത്തുവന്നു.

''ഇതു നിന്റെ കുഞ്ഞമ്മാവൻ; അല്ലാതാരാ? നിന്നോടുപറഞ്ഞിട്ടുകാര്യമില്ല. നീ ജനിക്കുന്നതിനുമുൻപ് പോയതാണല്ലോ നിന്റമ്മാവൻ''- അമ്മയുടെ മറുപടി.

''മോടെ പേരെന്താ?'' അനി ചോദിച്ചു.

''അനിത''. കുട്ടിയുടെ കൊഞ്ചൽ!

വല്യേച്ചി തനിക്കുവേണ്ടി ഇട്ടതായിരിക്കും ആ പേര് എന്ന് അനി ഓർത്തു !

“എടാ അനി, നിനക്ക് ഇപ്പോഴാണല്ലോ ഇങ്ങോട്ടുവരാൻ തോന്നിയത് ? അച്ഛൻ എപ്പോഴും നിന്നെ അന്വേഷിക്കുമായിരുന്നു. കിടന്ന കിടപ്പിലും വിൽപ്പത്രം പ്രകാരം തറവാട് നിനക്കുള്ളതാണ് ”. വികാരനിർഭരമായ ചേച്ചിയുടെ സംസാരം.

കുറച്ചു മാറി തലയുയർത്തി നില്ക്കുന്ന തറവാട് ! അയാൾ അവിടേയ്ക്ക് നടന്നു. താൻ സ്നേഹിച്ചിരുന്ന, കളിച്ചു നടന്ന ഈ മണ്ണ് അന്യമായിരിക്കുന്നു ! ഇവിടം ഇനി ഒരിക്കലും ഇഷ്ടപ്പെടാൻ വയ്യ.

അമ്മ അവസാനമായി പറഞ്ഞ ആ വാക്കുകൾ “എടാ അനീ, നിനക്കും അച്ഛനുമിടയിൽ കിടന്ന് എനിക്ക് കഷ്ടപ്പെടാൻ വയ്യ”. ഒരു ഇടിമുഴക്കം പോലെ ഇന്നും തന്റെ മനസ്സിൽ തികട്ടി വരുന്നു.

അതിനു മാത്രം താൻ എന്തു തെറ്റ് ചെയ്തു ? അന്യജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ സ്നേഹിച്ചു. തന്റെ എല്ലാമായിരുന്നു അവൾ. മനുഷ്യർ തമ്മിലുള്ള സ്നേഹം. അതു ജാതി ഏതായാലെന്ത് ? ആ മനമൊരുബന്ധം കാരണം തന്റെ ജീവിതം തകർന്നു. ബന്ധം വീട്ടിലറിഞ്ഞപ്പോൾ ആകെ ബഹളമായി. അവൾ കഴിയാവുന്നത്ര ചെറുത്തു നിന്നു. അവസാനമത് ആത്മഹത്യയിൽകലാശിച്ചു. അതിന്റെ പേരിൽ കുഴപ്പമുണ്ടാക്കിയ തന്റെ നേരെനോക്കി ഒരിക്കൽ അച്ഛൻ പൂമുഖത്ത് നിന്നലറി– “ഇറങ്ങെടാ വെളിയിൽ! ഇനി നീ ഈ പടി ചവിട്ടരുത്!” കടവാവലിന്റെ ചിറകടിയിൽ അയാളുടെ ചിന്തകൾ ചിതറിപ്പോയി.

ആഴ്ച ഒന്നു കഴിഞ്ഞു. തിരിച്ചു പോകാനിറങ്ങിയ അനിയെ വല്യേച്ചി തടുത്തെങ്കിലും ഫലമുണ്ടായില്ല. അച്ഛന്റെയും അമ്മയുടെയും കല്ലറ തൊട്ടു വണങ്ങി, വല്യേച്ചിയോട് യാത്രപറഞ്ഞ് അയാൾ നടന്നു നീങ്ങി. വഴിയിൽ തന്റെ പ്രണയബന്ധങ്ങൾക്ക് സാക്ഷിയായിട്ടുള്ള പൊന്തക്കാടുകൾ കണ്ടു ! ഇനി അതെല്ലാം വെറും ഓർമ്മകൾ മാത്രം. അയാൾ ഒരു ഭിക്ഷാംദേഹിയെപ്പോലെ തന്റെ യാത്ര തുടർന്നു.





ചെറുകഥ

# ഓർമ്മക്കുറിപ്പ്

മനോജ്. വി
റോൾ നമ്പർ: 2397

ഞാൻ മെഡിസിന് പഠിക്കാൻ തുടങ്ങിയിട്ട് അന്ന് നാലു വർഷം തികയുകയാണ്. അന്നത്തെ ക്ലാസുകഴിഞ്ഞ് പിറേന്നു പഠിക്കേണ്ട വസ്തുതകൾ പ്രൊഫസർ ഞങ്ങൾക്ക് പറഞ്ഞുതന്നു. ജീവിതത്തിൽ വച്ച് ഞാൻ ഏറ്റവും ഭയപ്പെട്ടിരുന്ന ദിവസമെത്തിയല്ലോ എന്ന് ആലോചിച്ചുകൊണ്ട് ഞാനെന്റെ മുറിയിലേക്കുനടന്നു.

രക്തം കണ്ടാൽ ഭയക്കുന്ന ഒരു ബ്രാഹ്മണക്കുട്ടിയായിരുന്ന ഞാൻ അച്ഛന്റെ നിർബന്ധത്തിന് വഴങ്ങിയാണ് മെഡിസിന് ചേർന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഒരു ഭയങ്കരസംഭവമാണ് പിറേന്നു നടക്കാൻ പോകുന്നത്. ഒരു മനുഷ്യനെ കീറിമുറിച്ച് മനുഷ്യാവയവങ്ങളെക്കുറിച്ച് പഠിക്കാനാണ് പിറേ ദിവസത്തെ ക്ലാസിന്റെ ഉദ്ദേശം. പിറേദിവസം നടക്കാൻ പോകുന്ന ആ സംഭവത്തെക്കുറിച്ച് ദുഃസ്വപ്നങ്ങൾ കണ്ടുകൊണ്ട് അന്ന് ഞാൻ ഒരു വിധത്തിൽ ഉറങ്ങിയെന്നു വരുത്തി.

പിറേന്നു രാവിലെതന്നെ ഞാൻ കുളിച്ചൊരുങ്ങി ക്ലാസിൽച്ചെന്നു. പ്രൊഫസർ ഓരോരുത്തരെയായി അവരവരുടെ മുറിയിൽകൊണ്ടുവിടുന്നത് ഞാൻ ശ്രദ്ധിച്ചു. അടുത്തത് എന്റെ ഊഴമാണ്. പ്രൊഫസറുടെ കാലടികൾ പിൻതുടരുമ്പോൾ കാൽമുട്ടുകൾ വിറക്കുന്നുണ്ടോ എന്ന് ഞാൻ ശ്രദ്ധിച്ചു. കുറച്ചുദൂരം നടന്നുകഴിഞ്ഞപ്പോൾ ഞാൻ ഭയപ്പെട്ടിരുന്ന ആ നരകം അടുത്തെത്താറായി എന്ന് മനസ്സിലായി. എനിക്ക് തല ചുറ്റുന്നതുപോലെ തോന്നി. തല മരവിക്കുന്നതുപോലെ ഒരു തോന്നൽ. സകല ദൈവങ്ങളേയും മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഞാൻ മുറിയിലേക്ക് പ്രവേശിച്ചു. എന്താണ് ചെയ്യേണ്ടതെന്ന് ഒരിക്കൽ കൂടി വിവരിച്ചിട്ട് പ്രൊഫസർ മുറി വിട്ടിറങ്ങി.

കുറച്ചുനേരം അവിടെ നിന്നിട്ട് ചുറ്റും നോക്കി മുൻപോട്ടുനടന്നു. മുൻപിൽക്കണ്ട വസ്തുവിനെക്കണ്ട് അലറിവിളിച്ചെന്നു തോന്നുന്നു. ശബ്ദം

പുറത്തു വന്നില്ല. നിമിഷങ്ങൾക്കകം സമനില വീണ്ടെടുത്ത് പ്രൊഫസറുടെ വാക്കുകൾ ഉരുവിട്ടുകൊണ്ട് കത്തിയെടുത്തു ശവത്തിന്റെ മുഖത്തു നിന്നും വെള്ളത്തുണിമാറ്റി. എന്തോ ഓർമ്മയിൽത്തട്ടിയതു പോലെ ഞാൻ പിന്നോട്ടാഞ്ഞു. പേടികാരണം ഇറങ്ങിപ്പോയാലോ എന്നുവരെ ആലോചിച്ചു. ഭിത്തിയിൽത്തൂക്കിയിട്ടിരുന്ന അസ്ഥികൂടം എന്നെ നോക്കി ചിരിക്കുന്നതുപോലെ തോന്നി.

വീട്ടിലെ സ്ഥിതിയെക്കുറിച്ചാലോചിച്ചപ്പോൾ പോകാൻ തോന്നിയില്ല. പിന്നെയും ധൈര്യം സംഭരിച്ച് മുന്നോട്ടാഞ്ഞു. ശവത്തിന്റെ മുഖം. ശരിക്കൊന്നു നോക്കിക്കണ്ടു. ഓർമ്മയിൽ എവിടെയോ തങ്ങിനിൽക്കുന്ന മുഖം ഞാൻ ഓർമ്മിക്കാൻ ശ്രമിച്ചു. പക്ഷേ ഓർമ്മകിട്ടുന്നില്ല. ഒരിക്കൽ കൂടി ശവത്തിനടുത്തേക്ക് പോകാൻ എനിക്ക് കരുത്തില്ലായിരുന്നു.

അസഹനീയമായ തലവേദനയാണെന്ന് പറഞ്ഞ് പ്രൊഫസറുടെ അനുവാദത്തോടെ ഞാൻ ഹോസ്റ്റലിൽ പോയി. ആ മുഖത്തെപ്പറ്റിയായിരുന്നു ചിന്തമുഴുവൻ. രാത്രിയുടെ നാലാം യാമമായപ്പോഴാണെന്നു തോന്നുന്നു അദ്ദേഹത്തെപ്പറ്റിയുള്ള ഓർമ്മകൾ ഒരു മിന്നൽപോലെ എന്നിലൂടെ കടന്നുപോയി.

വർഷങ്ങൾക്ക് മുൻപ് ഞാൻ എന്നും കാണാനാഗ്രഹിച്ചിരുന്നതാണ് ആ മുഖം. മൂന്നാം ക്ലാസിൽ വച്ചാണെന്നു തോന്നുന്നു അദ്ദേഹത്തെ ശരിക്കും പരിചയപ്പെട്ടത്. ശനിയാഴ്ച തോറും വീട്ടിൽ വന്നിരുന്ന ഒരു പാവം വൃദ്ധസന്യാസി. അമ്മ കാണാതെ ഞാനയാൾക്ക് പത്തായത്തിൽ നിന്നും അരി മോഷ്ടിച്ചു കൊടുക്കുമായിരുന്നു. നന്ദി സൂചകമായി ആ മനുഷ്യൻ എനിക്ക് രാമായണത്തിലേയും മഹാഭാരതത്തിലേയും മറ്റും കഥകൾ പറഞ്ഞു തരുമായിരുന്നു. എന്നും ഞാൻ അദ്ദേഹത്തെ കാണാൻ ആഗ്രഹിച്ചിരുന്നു.

അപ്പൂപ്പൻതാടിപോലെ വെളുത്ത തലമുടിയും ചുക്കിച്ചുളിഞ്ഞ മുഖവുമായി കാവിവസ്ത്രമണിഞ്ഞു നടന്നിരുന്ന ആ മനുഷ്യനെക്കുറിച്ചുള്ള ഓർമ്മകൾ എന്നും എന്റെ മനസ്സിലുണ്ടായിരുന്നു. ദിവാസ്വപ്നങ്ങൾ ചേക്കേറുന്ന മെഡിക്കൽ കോളേജ് കാമ്പസിൽ വച്ചുപോലും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ എനിക്ക് നല്ല സ്വപ്നമായിരുന്നു.

കാലം കടന്നതോടെ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ എന്നിൽ നിന്നും മാഞ്ഞു പോയി. ഇന്നു കാലത്തെ നടന്ന ഭീകര സംഭവം ഞാൻ ഓർത്തുനോക്കി. ആ മുഖം എന്റെ മനസ്സിൽ നിന്നും മായുന്നില്ല. അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന മുഖം എന്റെ വിങ്ങുന്ന ഹൃദയത്തിൽ നിറഞ്ഞുനിന്നു.

□



ലഘുകഥ

# ഇരുട്ടിലെങ്ങോ ഒരു കുഞ്ഞിക്കരച്ചിൽ

ജസ്റ്റസ് തോമസ്
റോൾ നമ്പർ: 2480

കോരിച്ചൊരിയുന്ന മഴ. ഒപ്പം മേഘപാളികളെ കീറിമുറിച്ചുകൊണ്ടുള്ള മിന്നലും ഇടിവെട്ടലും. അടുത്തെങ്ങുമുള്ള വീടുകളിലൊന്നും വെളിച്ചത്തിന്റെ നേർത്ത കണിക പോലുമില്ല.

ഇരുട്ടത്ത്, മഴയത്ത് കുതിർന്ന് ആ മനുഷ്യൻ ഓടിവന്നു. പതിവുപോലെ അവൾ വാതിൽക്കൽവന്നു നിന്നിരുന്നു. മണ്ണെണ്ണവിളക്കിന്റെ നേരിയ വെളിച്ചത്തിൽ അവളുടെ മെലിഞ്ഞ ശരീരം കാണാം. അവളയാളുടെ നനഞ്ഞ വസ്ത്രങ്ങൾ മാറ്റിക്കൊടുത്തു. വീട്ടിലെ വിളക്ക് അണഞ്ഞു. ചെറ്റപ്പുരയുടെ പുറത്തുവീഴുന്ന മഴത്തുള്ളികൾ ഒരു പ്രത്യേക ശബ്ദായമാനം തന്നെ സൃഷ്ടിച്ചു. സമയത്തിന് ഇഴഞ്ഞുനീങ്ങേണ്ടി വന്നില്ല. ഉടനെ തന്നെ അയാൾ തിരിച്ചുപോയി.

അടുത്ത ദിവസവും അയാൾ വന്നു തിരിച്ചുപോകുമ്പോൾ പതിവുപോലെ അയാൾ കുറച്ച് രൂപായെടുത്ത് നീട്ടി. അന്നെന്തോ അവൾ അത് വാങ്ങിയില്ല. നാളെയും വരണമെന്ന് പറഞ്ഞു. പിറ്റേന്നും അവൾ നോക്കിയിരുന്നു. അയാൾ വന്നില്ല. അവളുടെ മനസ്സ് പിടച്ചു. അങ്ങനെ നാളുകൾ കാത്തിരുന്നു. വെറും നിരാശ മാത്രം.

ദിവസങ്ങൾ കടന്നുപോയി. അവൾക്ക് മനം മറിയുന്നതുപോലെ തോന്നി. പെട്ടെന്ന് ഛർദ്ദിച്ചു. വയറ്റിൽ ഒര് അനാഥക്കുഞ്ഞ് വളരുന്നുണ്ടെന്ന സത്യം അവളെ നടുക്കി. കണ്ണുകളിൽ ഇരുട്ട് പരക്കുന്നതുപോലെ അവൾക്ക് തോന്നി. 'ഞാൻ പിഴച്ച പെണ്ണ്'' ഉള്ളിലെങ്ങോ ഒരു തേങ്ങൽ. ആ ശബ്ദം കേൾക്കാൻ ആരും ഉണ്ടായിരുന്നില്ല. നിശ്ശബ്ദമായരാത്രികളിൽ ഭീകരസ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരാറുണ്ട് അവൾ. ഇരുട്ടത്ത് പുതപ്പിനടിയിൽ കിടന്ന് കരയാറുണ്ട്.

ദിവസങ്ങൾക്കുശേഷം, സാധാരണമായ ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ഇരുട്ടത്തെങ്ങോ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. പിറ്റേന്ന് ഗ്രാമം ഉണർന്നത് നടുറോഡിൽ കിടന്ന് വാവിട്ട് കരയുന്ന ഒരു ചോരക്കുഞ്ഞിനെ കണ്ടുകൊണ്ടാണ്.

○

ഗദ്യകവിത

# സായാഹ്നസന്ധ്യ

നിധീഷ്. സി. സി
റോൾ നമ്പർ: 2536

വിണ്ണിനെ ചെമ്പട്ടു പുതപ്പിച്ചു സൂര്യൻ
ധരണിയാകെ ചെങ്കതിരിൽ മുങ്ങി
ഇളംകാററിലാടുന്നു ക്ഷേത്രദീപങ്ങളും
ദൈവീകവചനങ്ങളുയരുന്നു ഗൃഹങ്ങളിൽനിന്ന്
ചേക്കേറും ദ്വിജകുലത്തിൻ കൂജനം
വേദിയൊരുക്കുന്നൊരു നടനത്തിന്
നർത്തകനാം മന്ദമാരുതനഭംഗം
നൃത്തം ചവിട്ടുന്നു സ്വരരാഗതാളമോടെ
സാഗരമലകളാൽ താളമടിക്കുന്നു
നൃത്തത്തിൽ മയങ്ങിനിന്നു ഞാൻ
സാഗരതീരത്തു സൂര്യാസ്തമയം കാണാൻ
വന്നവർക്കേർക്കാനന്ദം നൽകി
കരയും ഹൃദയങ്ങൾക്കാശ്വാസം നൽകി
തുടിക്കാത്ത ഹൃദയങ്ങൾ തുടിക്കാൻ തുടങ്ങി
ഹാ! എത്ര മനോഹരം സായാഹ്നസന്ധ്യ!
നടനം കണ്ടാസ്വദിച്ചാദിത്യൻ സാവധാനം-
മൂളിയിട്ടു വിശാല സമുദ്രത്തിലേക്ക്
അന്ധകാരത്തിലേക്ക് വഴുതിവീണു
ഭൂമി; ദ്വിജനാദം പൊലിഞ്ഞുപോയി.
നൃത്തം നിർത്തിയ മന്ദമാരുതൻ
ഇളംകൈകളാൽ എന്നെത്തലോടി.
ആ മധുരസ്പർശനത്താൽ ആനന്ദ
പുളകിതനായ ഞാൻ രോമാഞ്ചമണിഞ്ഞുപോയ്
വററാത്ത സ്നേഹത്തിന്നുറവിടമാം പ്രകൃതി
എല്ലാം നേടിത്തന്നിതെന്നിച്ഛക്കനുസൃതമായ്
ഹൃദയം നിറഞ്ഞു ഞാൻ നടന്നു നീങ്ങി
സാഗരതീരത്തുനിന്നു മധുരസ്മരണകളുമായ്.

000



ചെറുകഥ

# പരീക്ഷ

ഹരികൃഷ്ണൻ. ജി
റോൾ നമ്പർ: 2381

"ഹോ! ഇന്നാണ് പരീക്ഷ; ഉറക്കമെഴുന്നേററ ഉണ്ണിയുടെ ആദ്യത്തെ ചിന്ത അതായിരുന്നു. കഴിഞ്ഞ വർഷം വരെ പരീക്ഷയ്ക്കുവേണ്ടി കാത്തിരിക്കാറുള്ള ഞാൻ.... ഇന്ന്.... !" ഈ വിചാരവുമായി അവൻ പാടശേഖരക്കരികിലേക്ക് നടന്നു.

ഉണ്ണികൃഷ്ണനെ അറിയാത്തവർ ആ പ്രദേശത്ത് ആരും തന്നെയില്ല. എല്ലാ മത്സരങ്ങളിലും ഒന്നാം സ്ഥാനം മാത്രം വാങ്ങി ആ ഗ്രാമത്തിന്റെ പേര് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉയർത്തിയെടുത്ത കൊച്ചുമിടുക്കൻ! ഇതെല്ലാം കഴിഞ്ഞ വർഷം വരെയുള്ള കാര്യം. ഉണ്ണിയുടെ സ്കൂളിൽ പുതിയതായി വന്നുചേർന്ന ആശയെന്ന പെൺകുട്ടി വന്നതോടെ ഉണ്ണി എല്ലാതലത്തിലും രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. സ്വാഭാവികമായും അവന്റെ മനസ്സിൽ അസൂയയും പകയും ഉണ്ടായി. കഴിഞ്ഞ രണ്ടു പരീക്ഷകളിൽ നഷ്ടപ്പെട്ട ഒന്നാം സ്ഥാനം ഈ മാസപ്പരീക്ഷക്ക് തിരിച്ചുപിടിക്കാൻ അവൻ ഉറച്ചിരുന്നു. പക്ഷേ ഒരു കണക്ക് എത്ര ശ്രമിച്ചിട്ടും അവന് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

പരീക്ഷക്ക് സ്കൂളിലേക്ക് നടക്കുമ്പോഴും ഉണ്ണി ഒരു തീരുമാനമെടുത്തു. കണക്ക് അറിയാൻ പാടില്ലാത്ത സ്ഥിതിക്ക് കോപ്പിയടിക്കുകതന്നെ. എങ്ങനെയെങ്കിലും ആശയെതോൽപിക്കണം. ഏതായാലും തന്നെ ആരും സംശയിക്കാൻ പോകുന്നില്ല. ആലോചിച്ചുനടന്ന് സ്കൂളെത്തിയത് അറിഞ്ഞില്ല. കൂടെ പഠിക്കുന്ന പ്രദീപ് തോളത്ത് തട്ടിവിളിച്ചപ്പോഴാണ് ചിന്തകളിൽ നിന്നും മടങ്ങി വന്നത്.

പരീക്ഷക്ക് ബെല്ലടിച്ചു. കുട്ടികളെല്ലാം കയറിയിരുന്നുതുടങ്ങി. ഉണ്ണി നാലുപാടും നോക്കിയിട്ട് പുസ്തകത്തിൽ നിന്നും കണക്ക് എഴുതിയ കടലാസ് എടുത്ത് പോക്കററിൽ തിരുകി. വർക്കിമാഷ് ക്ലാസ്സിൽ കയറി വന്നപ്പോഴും അവന്റെ നെഞ്ച് ഇടിക്കുകയായിരുന്നു. പേപ്പർ കിട്ടിയപ്പോൾ അവൻ ആദ്യം നോക്കിയത് ആ കണക്ക് ഉണ്ടോ എന്നായിരുന്നു. അതു തന്നെയാണ് അവസാനത്തെ കണക്ക്. ഉണ്ണി വേഗം ബാക്കി കണക്കുകളെല്ലാം ചെയ്തുതീർത്തു. വർക്കിമാഷ് ഒരു ബീഡി കത്തിച്ച് വാതിൽക്കൽ ചെന്നു നിൽക്കുകയാണ്. അവൻ നാലുപാടും

നോക്കിയിട്ട് പോക്കറ്റിൽ നിന്നും പേപ്പർ എടുത്തു കണക്ക് എഴുതിത്തീർന്നപ്പോഴും അവൻ വിയർപ്പിൽ മുങ്ങിയിരുന്നു. തിരിഞ്ഞുനോക്കിയ ഉണ്ണിക്ക് തല ചുറ്റുന്നതുപോലെ തോന്നി. ആശ അവനെത്തന്നെ നോക്കിയിരിക്കുന്നു. അവൻ ഒന്നുമറിയാത്തതുപോലെ വീണ്ടും എഴുതാൻ ആരംഭിച്ചു.

പരീക്ഷ കഴിഞ്ഞു തിരിച്ചു പോകുന്ന വഴി ആശ ഉണ്ണിയുടെ അടുത്തെത്തി ''പേടിക്കണ്ട കുട്ടീ. ഞാൻ ആരോടും പറയില്ലാട്ടോ''. എന്നിങ്ങനെ പറഞ്ഞു. അപമാനംമൂലം ഉണ്ണിക്ക് തലതാണുപോയി. വീട്ടിലെത്തിയിട്ടും അവന് ആ സംഭവം മറക്കാൻ കഴിഞ്ഞില്ല. മനസ്സിൽ എന്തോ കുത്തിനോവിക്കുന്നതുപോലെ. അനർഹമായ സ്ഥാനം തട്ടിയെടുത്തതിന്റെ കുറ്റബോധം. എല്ലാറ്റിനേക്കാളേറെ അവനെ സ്പർശിച്ചത് ആശയുടെ വിശാലമനസ്കതയാണ്. അവനും മനസ്സിൽ ഒരു തീരുമാനമെടുത്തു.

പിറ്റേന്ന് ഉണ്ണി നേരത്തെ സ്കൂളിലെത്തി. സ്റ്റാഫ് റൂമിൽ വർക്കിമാഷ് ഒറ്റയ്ക്കായിരുന്നു. ഉണ്ണി വർക്കിമാഷിന്റെ അടുത്തെത്തി ''സാറെന്നോട് ക്ഷമിക്കണം. ഞാൻ ഇന്നലെ അവസാനത്തെ കണക്ക് നോക്കിയെഴുതിയതായിരുന്നു'' മാഷ് ഒരു ദീർഘനിശ്വാസം ചെയ്തു. ''ഉണ്ണി ക്ലാസ്സിലേക്ക് പോകൂ''. ക്ലാസ്സിൽ വന്ന മാഷ് ഉണ്ണിയെ വിളിച്ച് തന്നോട് ചേർത്തുനിർത്തി. നിങ്ങളെല്ലാം ഇവനെ കണ്ടു പഠിക്കണം. ഇവൻ ഇന്നലെ ഒരു തെറ്റുചെയ്തു. ഇന്ന് അത് സ്വയം തിരുത്താൻ തയ്യാറായി. എന്റെയടുത്തേക്ക് വന്നിരിക്കുന്നു. ഇതിന് പാരിതോഷികമായി ഞാൻ എന്റെ സ്വന്തം പേന അവന് സമ്മാനിക്കുകയാണ്. അന്ന് വീട്ടിലേക്ക് തിരിച്ചുപോകുമ്പോഴും അവന് ലോകം മുഴുവൻ കീഴടക്കിയ പ്രതീതിയായിരുന്നു.



# വിടപറയുംമുമ്പേ

സാഗർ. പി. എം
റോൾ നമ്പർ: 2262

യാത്രക്കാരുടെ ശ്രദ്ധക്ക്, തിരുവനന്തപുരത്തേക്ക് പോകുന്ന 47-ാം നമ്പർ കണ്ണൂർ എക്സ്പ്രസ് അല്പ സമയത്തിനുള്ളിൽ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ എത്തിച്ചേരുന്നതാണ്.

''അപ്പോഴും ഞാൻ പറഞ്ഞതൊന്നും മറക്കരുത്. അവിടെ എത്തിയ ഉടനെ കത്തെഴുതണം. പഠിത്തത്തിന്റെ കാര്യം ....''

അച്ഛന് എന്തൊക്കെയോ പറയണമെന്നുണ്ട്. പക്ഷെ പറഞ്ഞുതീർന്നില്ല അതിന്മുമ്പ് തീവണ്ടി ഇരച്ചെത്തി. മുറപോലെ വണ്ടിയിൽകയറി സീറ്റിൽ സ്ഥാനം പിടിച്ചു. വണ്ടി നീങ്ങുമ്പോഴും അച്ഛന്റെ കണ്ണിൽ നിന്നും ഉതിർന്ന കണ്ണുനീർ തുള്ളികൾക്ക് പല അർത്ഥങ്ങളും ഉണ്ടാവാം. മോൻ പഠിച്ച് വലിയവൻ ആവില്ലേ എന്ന ആശങ്കയോ വീണ്ടുമൊരു വിടപറയലിന്റെ ദുഃഖമോ.... പക്ഷെ എനിക്ക് കാര്യമായ സങ്കടമൊന്നും തോന്നിയില്ല. വീടും, അമ്മയും, അനുജനും, അനുജത്തിയും എന്റെ കൺ മുന്നിൽ മിന്നിമറയുന്നു. അവർ എന്നിൽ നിന്നും എന്തോ ആവശ്യപ്പെടുന്നതുപോലെ ഒരു തോന്നൽ മാത്രം മനസ്സിൽ അവശേഷിച്ചു.

''ഈ തീവണ്ടിയെന്താ കുലുങ്ങുന്നത്? മുന്നിലിരിക്കുന്ന കൊച്ചു കുട്ടിയുടെ ചോദ്യം എന്നെ ചിന്തയിൽനിന്നുമുണർത്തി. അപ്പോഴാണ് ഞാൻ സഹയാത്രികരെ ശ്രദ്ധിച്ചത്. കുട്ടിയെ മടിയിലിരുത്തി ഒരു യുവതിയാണ് എന്റെ മുൻപിലിരുന്നത്. അവരുടെ അടുത്തിരിക്കുന്നത് ആ കുട്ടിയുടെ അച്ഛനായിരിക്കണം. എന്റെ വലത്ഭാഗത്ത് രണ്ട് മദ്ധ്യവയസ്കരായിരുന്നു.

''തീവണ്ടിയെന്താ ഇങ്ങനെ ആടുന്നത്, ഇത് വെള്ളത്തിലൂടെയാണോ നീങ്ങുന്നത്! തീവണ്ടി എന്താ റോഡിലൂടെ ഓടാത്തത്? തീവണ്ടിയിൽ എന്താ കണ്ടക്ടർ ഇല്ലാത്തത്?'' ഇങ്ങനെ എത്രയെത്രകാര്യങ്ങളാണ് ആ കുട്ടിക്കറിയേണ്ടത്. അവന്റെ നിഷ്കളങ്കമായ ആ ചോദ്യങ്ങൾക്ക് മുൻപിൽ ആ അച്ഛനും അമ്മയും കുഴങ്ങി. ''മോൻ ഉറങ്ങ്, നാളെ നമുക്ക് ബാലമാമന്റെ വീട്ടിൽ പോകാനുള്ളതാണ്''

"ഞാനുറങ്ങില്ല. അമ്മ വേണമെങ്കിൽ ഉറങ്ങിക്കോ" കുട്ടി ശഠിച്ചു.

ഇത്രയും നിഷ്കളങ്കമായ മനസ്സിനെ ഈ ലോകം എത്രത്തോളം വഷളാക്കും എന്നാലോചിച്ചപ്പോൾ എനിക്ക് ആ കുട്ടിയോട് സഹതാപം തോന്നി. സമൂഹം നിസ്വാർത്ഥമായ ഈ മനസ്സിനെ എത്ര കഠിനവും നിഷ്ഠുരവും ആക്കിമാറ്റുന്നു. വേണ്ട എന്ന് വെച്ചാലും ഇരുട്ടിലേക്ക് വലിച്ചിറക്കുന്ന ഒരു അപൂർവ്വ ശക്തിയുണ്ട്. അതിന്റെ പിടിയിൽനിന്നു കുതറിമാറാൻ എത്ര ശ്രമിച്ചാലും രക്ഷയില്ല. മനുഷ്യനും ഈ ഭൂമിയിലെ എല്ലാ ചരാചരങ്ങളും ഏറ്റവും കുറഞ്ഞ ഊർജ്ജസ്ഥിതിയിൽ നിലകൊള്ളാൻ ശ്രമിക്കുന്നു. അവ എപ്പോഴും ഏറ്റവും കുറഞ്ഞക്രമീകരണത്തിൽ സ്ഥിതിചെയ്യുന്നു. വെറുതെയല്ല മനുഷ്യൻ തെറ്റുകളിലേക്ക് വഴുതിവീഴുന്നത്.

വണ്ടി ഷൊർണ്ണൂർ എത്തി ഭക്ഷണംകഴിക്കാനുള്ള സമയമാണ്. ഷൊർണ്ണൂറിലെ സ്പെഷ്യൽ അപ്പവും മുട്ടക്കറിയും അടിച്ചാലോ എന്നൊരാശ തിരക്കിനിടയിലൂടെ നുഴഞ്ഞുകയറി പ്രശ്നം പരിഹരിച്ചു. സിഗ്നൽ മാറി പച്ചയായതോടെ ഞാൻ സീറ്റിലേക്ക് മടങ്ങി. ബേഗും സ്യൂട്ട്കെയ്സും എല്ലാം അതേ സ്ഥാനത്തുതന്നെയുണ്ട്. വണ്ടി നീങ്ങിയ കുലുക്കത്തിൽ ഞാൻ താനെ സീറ്റിൽ ഇരുന്നുപോയി. ഉറങ്ങാനുള്ള സമയമായില്ല. സ്കൂളിൽ എത്തിയാൽ അയയ്ക്കാനുള്ള കത്ത് ഇപ്പോൾ തന്നെ എഴുതിവെച്ചേക്കാം എന്ന് തോന്നി. സമയം കളയാതെ ഇൻലന്റും പേനയും എടുത്ത് എഴുതി തുടങ്ങി.

ഞാനിവിടെ സുഖമായി എത്തി. യാത്ര വളരെ സുഖകരമായിരുന്നു. അവിടെ എല്ലാവർക്കും സുഖമാണെന്ന് കരുതുന്നു. ....

ബാക്കി പിന്നെ എഴുതാം എന്ന് കരുതി മടക്കിവെച്ചു. വീണ്ടും വീട്ടിലേക്കുതന്നെ എന്റെ ചിന്തകൾ കാടുകയറി. വെപ്രാളം കൊണ്ട് നട്ടം തിരിയുന്ന അമ്മ എനിക്ക് കൊണ്ടുപോകാനുള്ള സാമഗ്രികൾ പായ്ക്കുചെയ്യുന്ന തിരക്കിലാണ്. അച്ഛൻ ഒന്നും എന്നെ തൊടാൻ അനുവദിക്കില്ല. പൊതുവെ അലസനായ എനിക്ക് അത് വളരെ നല്ല കാര്യമായിരുന്നു. ഈ തിരക്കിനിടയിലും അമ്മ എന്നെ ഉപദേശിക്കുന്നുണ്ടായിരുന്നു. "ഇനി നീ കാര്യങ്ങളെല്ലാം ആലോചിച്ച് പ്രവർത്തിക്കണം. ഇനിയുള്ള രണ്ടുമാസം നിന്റെ ഭാവി നിർണ്ണയിക്കുന്നതാണ്. കളിയും മറ്റെല്ലാം നിർത്തി പഠിത്തത്തിൽ മാത്രം ശ്രദ്ധിക്കണം. പക്ഷെ അത് കാരണം ആരോഗ്യം മോശമാക്കരുത്. രാത്രി ഉറക്കം അധികം കളയരുത്. 'മതിമതി' എന്ന് അച്ഛൻ പറഞ്ഞപ്പോഴാണ് അമ്മ ഉപദേശം നിറുത്തിയത്. ഞാൻ പോവുകയാണെന്നറിഞ്ഞിട്ടും എന്റെ അനുജനും, അനുജത്തിക്കും വലിയ കുലുക്കമൊന്നുമില്ലായിരുന്നു. ഈ കാഴ്ച പുത്തരിയല്ലാത്തതിനാലാവണം അവർ അവരുടെ കളികളിൽ മുഴുകിയിരിക്കുകയായിരുന്നു. പെട്ടിയുമെടുത്ത് അച്ഛന്റെ കൂടെ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ എനിക്ക് തിരിഞ്ഞ് അമ്മയെ നോക്കാനുള്ള കരുത്തില്ലായിരുന്നു.

"ചേട്ടന്റെ പേരെന്താ ?" പ്രതീക്ഷിക്കാത്ത ഈ ചോദ്യം കേട്ട് ഞാൻ ചോദ്യകർത്താവിനെ നോക്കി. ചിരിക്കുന്ന മുഖവുമായി എന്നിൽ നിന്നും ഉത്തരവും പ്രതീക്ഷിച്ചിരിക്കുകയാണ് അവൻ.

"മോൻ ആദ്യം പേര് പറയൂ. എന്നിട്ട് ഞാൻ പറയാം. 'ഷാജി' പെട്ടെന്നായിരുന്നു ഉത്തരം. ഷാജി എന്ന പേര് എനിക്ക് വളരെ സുപരിചിതമാണ് കാരണം സ്കൂളിൽ ചേരുന്നത് വരെ എന്നെ വീട്ടിൽ ഷാജി എന്നായിരുന്നുവിളിച്ചിരുന്നത്.





ആ കുട്ടി എന്റെ പേര് ചോദിക്കാത്തതിനാൽ ഞാൻ പറഞ്ഞില്ല. ഷാജി എന്ന പേര് എനിക്ക് വളരെയേറെ മധുരസ്മരണകൾ നൽകുന്നതാണ്.

എന്റെകുട്ടിക്കാലത്ത് ഞങ്ങൾ ഒരു ഗവൺമെന്റ് കാർട്ടേർസിലായിരുന്നു താമസിച്ചിരുന്നത് അന്ന് ഞാൻ ഒറ്റയാനായിരുന്നതിനാൽ അതിന്റെതായ സുഖവും സൗകര്യവും എനിക്ക് ആ വീട്ടിൽ ഉണ്ടായിരുന്നു. ആ രണ്ടു മൂന്നു വർഷം എന്റെ ജീവിതത്തിലെ സുവർണ്ണകാലം ആയിരുന്നു. ഒന്നിനും ഒരു കുറവില്ല. കളിക്കാൻ ഇഷ്ടം പോലെ കൂട്ടുകാർ കളിപ്പിക്കാനും ചിരിപ്പിക്കാനും ഇഷ്ടം പോലെ ചേട്ടൻമാരും ചേച്ചിമാരും അടുത്തുള്ള ഹോസ്റ്റലിലെ കുട്ടികൾക്കെല്ലാം എന്നെ വലിയ ഇഷ്ടമായിരുന്നു. ടീച്ചറായ അമ്മയെ പ്രീതിപ്പെടുത്താനാണോ എന്നറിയില്ല. പല കുട്ടികളും എന്നെ കണക്കിലേറെ ലാളിച്ചിരുന്നു. ഇന്ന് അതോർക്കുമ്പോൾ ഒരു പ്രത്യേക സുഖമാണ്.

അതേ ഷാജിയല്ലേ ഈ എന്റെമുൻപിൽ ഇരിക്കുന്നത്—എനിക്കൊരു സംശയം. ക്ഷീണം കൊണ്ടാകും അവൻ ഉറങ്ങിയല്ലോ. അമ്മയുടെ മടിയിൽ തലചായ്ച്ച് കിടന്നുറങ്ങുന്ന അവന്റെ നിഷ്കളങ്കമായ മുഖം നോക്കിയിരുന്ന ഞാൻ അപ്പോഴാണ് സമയത്തെക്കുറിച്ച്ബോധവാനായത്. ക്ഷീണത്തോടെ ഞാനും കണ്ണടക്കാനൊരുങ്ങിയപ്പോൾ ഞാൻ അറിയാതെ എന്റെ മനസ്സ് എന്തൊക്കെയോ പുതിയ അർത്ഥങ്ങൾ കണ്ടെത്തുകയായിരുന്നു നിശയുടെനിശ്ശബ്ദതയെഭേദിച്ചു കൊണ്ടുള്ള തീവണ്ടിയുടെ അലയടികൾ എന്റെ കാതിൽ അപ്പോഴും മുഴങ്ങിക്കൊണ്ടേയിരുന്നു.



ലേഖനം

# സോമർ സെററ് മോം

പി. മുഹമ്മദ് കുഞ്ഞി

''ഒരു കഥാകൃത്തെന്ന നിലയിൽ എന്റെ സ്ഥാനം, നൂററാണ്ടുകൾക്ക് മുമ്പ് ഗുഹാന്തർഭാഗത്ത് തീകാഞ്ഞുകൊണ്ടിരുന്നപ്പോൾ കഥ പറഞ്ഞു രസിച്ചിരുന്നവരോടൊപ്പമാണ്. എനിക്ക് ചില കഥകൾ പറയാനുണ്ട്; അത് പറയുന്നതിൽ ഞാൻ ഉത്സുകനാണ്. എന്നെ സംബന്ധിച്ചേടത്തോളം ഞാൻ അത്കൊണ്ടുതന്നെ സംതൃപ്തനാണ്''— സ്വന്തം സാഹിത്യ വ്യാപാരത്തെക്കുറിച്ച് കലവറയില്ലാതെയാണ് സോമർസെററ്മോം സംസാരിക്കുന്നത്. താനൊരു തലക്കനം വന്ന ആഖ്യായികക്കാരനാണെന്നോ, തന്റെ ആഖ്യായികകൾ സാഹിത്യലോകത്തിൽ വിപ്ലവം സൃഷ്ടിക്കുമെന്നോ, അദ്ദേഹം വിശ്വസിക്കുന്നില്ല. എന്നാൽ വിനയസമ്പന്നനായ ഈ സാഹിത്യകാരൻ തന്റെ കാലഘട്ടത്തിൽ ഏററവുമധികം പ്രചാരമുള്ള ചില നോവലുകളുടെ കർത്താവാണ്.

ആധുനിക 'നോവൽസാഹിത്യം' പല പരീക്ഷണങ്ങളുടെയും, ലാബോട്ടറിയായും സാഹിത്യ വിദ്യാർത്ഥികൾ ഗവേഷക വിദ്യാർത്ഥികളായും മാറിയിരിക്കയാണ്. മനശ്ശാസ്ത്രപരമായ വിജ്ഞാനത്തിന്റെ വേലിയേററത്തിൽ വ്യക്തികളുടെ ഹൃദയവ്യാപാരങ്ങളെ കൂലങ്കഷമായി പഠിക്കുവാനും അവിടെ നടക്കുന്ന സംഭവപരമ്പരകൾക്ക് മനശ്ശാസ്ത്രപരമായ വിശദീകരണം നല്കുവാനും ആധുനിക കാലത്ത് പ്രസ്താവ്യമായ ശ്രമം നടന്നിട്ടുണ്ട്. സാഹിത്യലോകത്തിൽ ഇത് വിപ്ലവപരമായ പരിവർത്തനത്തിന് ഇടം നല്കി. ജെയിംസ് ജോയിസിന്റെയും വർജീനിയ വൂൾഫിന്റെയും നോവലുകൾ നാമിതുവരെ പരിചയപ്പെട്ടുപോന്ന നോവലുകളിൽ നിന്ന് തുലോം വ്യത്യസ്തമാണ്. ബോധ ധാര എന്ന സാങ്കേതിക സമ്പ്രദായം ഉപയോഗിച്ച് ചുരുക്കം ചില മണിക്കൂറുകൾക്കിടയിൽ ഒരു വ്യക്തിയുടെ ഹൃദയമണ്ഡലത്തിൽ നടക്കുന്ന വികാരവിചാരപരമ്പരകളെയാണ് ഈ നോവലുകളിൽ യാതൊരു കലവറയുമില്ലാതെ വരച്ചുകാണിച്ചിട്ടുള്ളത്. ജോയിസിന്റെ യൂലിസ്സസ് ആധുനിക നോവൽ സാഹിത്യത്തിൽ അഭൂതപൂർവ്വമായ വിപ്ലവത്തിന് നേതൃത്വം നല്കിയിട്ടുണ്ട്. എന്നാൽ കഥകൾ കേട്ട് കമ്പം പിടിച്ച നാം, കഥകൾ മാത്രം കേട്ടുരസിക്കാൻ ആഗ്രഹിക്കുന്ന നാം, ഈ നോവലിനെയും ഇതിന്റെ ചുവടുപിടിച്ച് രചിക്കപ്പെട്ട മററുനോവലുകളെയും എന്തെന്നില്ലാതെ വെറുക്കും. ഈ നോവലുകളെക്കുറിച്ച് ധാരാളം വിമർശനങ്ങളും വന്നുകൊണ്ടിരിക്കുന്നു. അങ്ങനെ സാഹിത്യം കേവലം സാഹിത്യഗവേഷകരുടെ കരവലയത്തിൽ ഒതുങ്ങിക്കഴിയുന്ന അവസരത്തിലാണ് സാഹിത്യത്തിന്റെ പാരമ്പര്യത്തെയും അതിന്റെ സാർവ്വലൗകികമായ സമാകർഷകതയെയും കുറിച്ച് നമുക്ക് ഓർമ്മവരുന്നത്. സമുദായത്തിന്റെ ഏത് തുറകളിലുള്ളവരെയും ഒരേപോലെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായ സാഹിത്യം വിരളമായ ഒരു കാലഘട്ടത്തിൽ നമുക്ക് ആശ്വാസം നല്കുന്ന ഒരു പേരാണ് സോമർ സെററ് മോം

## ശ്രദ്ധേയൻ

വിക്രമാദിത്യൻ കഥകളും അറബിക്കഥകളും നാമിന്നും ഇഷ്ടപ്പെടുന്നത്, നാമെന്നും ഇഷ്ടപ്പെട്ടിരുന്നത്, നമ്മെ പിടിച്ചിരുത്തി കേൾപ്പിക്കാനുള്ള അവയുടെ ആകർഷകതയാണ്. ഗണിതശാസ്ത്രജ്ഞനായ ലൂയി കരോൾ കുട്ടികൾക്ക് പറഞ്ഞുകൊടുത്ത ആ കഥ—ആലീസ് ഇൻ വണ്ടർലേൻഡ്—അന്നെന്നപോലെ ഇന്നും ഹൃദയഹാരിയാണ്; എന്നും ആയിരിക്കുകയും ചെയ്യും. കഥ കേൾക്കാനുള്ള നമ്മുടെ ജന്മസിദ്ധമായ ആസക്തിയെ മുരടിപ്പിക്കുന്നസ്വഭാവമാണ് ഇന്നത്തെ സാങ്കേതിക വിദഗ്ധരായ കഥികർ വെച്ചുപുലർത്തുന്നത്. എന്നാൽ മോമാകട്ടെ, പഴയ സമ്പ്രദായത്തിൽ കഥ പറയുന്ന ആളാണ്; അതു കൊണ്ടുതന്നെ അദ്ദേഹം ശ്രദ്ധേയനുമാണ്.

തന്റെ കാലഘട്ടത്തിലെ മററു സാഹിത്യകാരന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്വന്തമായ ചില വൈശിഷ്ട്യങ്ങളുണ്ട് മോമിന്. ബർണാഡ്ഷാ ഒരൊന്നാംകിട നാടകകൃത്തുതന്നെ. എന്നാൽ അദ്ദേഹം നാലാംകിടനോവലെഴുത്തുകാരനായിരുന്നു. അദ്ദേഹത്തിന്റെ അതിദീർഘമായ മുഖവുരകൾ വായിച്ചു തീർക്കുക എന്നത് എല്ലാവരാലും സാധ്യമല്ല. എന്നാൽ മോം ഷായെപ്പോലെ ഏതെങ്കിലും ഒരു രംഗത്ത് മാത്രം ഒതുങ്ങിനില്ക്കുന്നില്ല. ആഖ്യായികകാരൻ, ചെറുകഥാകൃത്ത്, നാടകകൃത്ത്, വിമർശകൻ, സഞ്ചാരസാഹിത്യകാരൻ എന്നീ തുറകളിൽ അദ്ദേഹം മികവാലും ഒരേനിലവാരം പുലർത്തുന്നുണ്ട്. ആധുനികസാഹിത്യത്തിൽ ഇങ്ങനെ വിവിധ മണ്ഡലങ്ങളിൽ ഒരേപോലെ പ്രകാശംചൊരിഞ്ഞ സാഹിത്യനായകന്മാർ ഇല്ലെന്നുതന്നെ പറയാം.

## സാർവ്വലൗകികത

ജീവിതത്തിന്റെ വൈവിധ്യവും വൈരൂപ്യവും വിരോധാഭാസവും മോമിനെപ്പോലെ മനസ്സിലാക്കിയവർ ചുരുക്കമാണ്. ടി. എസ്. എലിയട്ടിനെപ്പോലെ ഒരു മൂലയിൽ കുത്തിയിരുന്ന് വിചാരത്തിന്റെ പടക്കം പൊട്ടിക്കാനും അദ്ദേഹം തയ്യാറായില്ല. ജെയിംസ് ജോയിസിനെയും, ഡി. എച്ച്. ലോറൻസിനെയും പോലെതിളച്ചുമറിയുന്നഅനുഭവങ്ങളുടെ അഗ്നികുണ്ഡത്തിൽവാർത്തെടുത്തതാണ് അദ്ദേഹത്തിന്റെ ജീവിതം. അവരെപ്പോലെ ജീവിതം ഒരു ഭാരമായി അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നില്ല എന്നത് വാസ്തവം. എന്നാൽ ഒരു വൈദ്യവിദ്യാർത്ഥിയായിരുന്ന കാലത്തെ ജീവിതം, ലിവർപൂളിലെയും മററും സാധാരണക്കാരുടെ ജീവിതരഹസ്യങ്ങളിലേക്ക് ഊളിയിട്ടിറങ്ങിച്ചെല്ലാൻ അദ്ദേഹത്തിന് അവസരം നല്കി. ഒരു ഡോക്ടറാവാനുള്ള യോഗ്യത സമ്പാദിച്ചിട്ടും അദ്ദേഹം ഒരു സാഹിത്യകാരനായിത്തീരാനാണ് അഭിലഷിച്ചത്. വൈദ്യവിദ്യാർത്ഥിയെന്നനിലയിൽ അദ്ദേഹം സമ്പാദിച്ച അനുഭവം പിൽക്കാലത്ത് അദ്ദേഹത്തിന് ഒരനുഗ്രഹമായിത്തീർന്നു. ജീവിതത്തിന്റെ ഇരുണ്ടതും പ്രകാശപൂർണ്ണവുമായ വശങ്ങൾ ഒരു ഡോക്ടറെപ്പോലെ

ആർക്കും അറിഞ്ഞുകൂടെന്ന് അദ്ദേഹം അവകാശപ്പെടുന്നു. ഒരു രോഗി ആസന്നമെന്നു തോന്നുന്ന മരണത്തിന്റെ മുമ്പിൽ മുഖംമൂടിയില്ലാതെ സംസാരിക്കുന്നു; ഹൃദയം മലർക്കെതുറന്നുവെക്കുന്നു പരിപൂർണ്ണ ആരോഗ്യവാനായ ഒരാൾ ഒരിക്കലും ഇതുപോലെ കലവറയില്ലാതെ പെരുമാറുകയില്ലെന്ന് മോം ഉറച്ചുവിശ്വസിക്കുന്നു. വൈദ്യബിരുദം സമ്പാദിക്കുന്നതിന്നു മുമ്പ് ഹിഡൽബർഗ്ഗ് യൂണിവേഴ്സിററിയിലും അദ്ദേഹം കുറച്ചുകാലം ചെലവഴിച്ചു. എന്നാൽ വിവിധജനവിഭാഗങ്ങളുടെ ജീവിതരീതി മനസ്സിലാക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചത് വിപുലമായ വിദേശയാത്രയുടെ ഫലമായിട്ടായിരുന്നു. ഇന്ത്യ, ബർമ്മ, മലയ, ചൈന, റഷ്യ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചു. ലണ്ടൻ, പാരീസ്, ന്യൂയോർക്ക്, എന്നിവിടങ്ങളിൽ മാറി മാറി താമസിക്കുക അദ്ദേഹം ഒരു പതിവാക്കി. ചൈന മുതൽ പെറുവരെ നീണ്ടുകിടക്കുന്ന ഈ യാത്രയുടെ ഫലമായി അദ്ദേഹത്തിന്റെ വീക്ഷണം സാർവ്വലൗകികമായി; സങ്കുചിതമായ ആശയങ്ങളുടെ സ്ഥാനത്ത് പുരോഗമനാശയങ്ങൾ സ്ഥാനം പിടിച്ചു: വെള്ളക്കാരന്റെ ഭരണം കറുത്തവനു് ഒരനുഗ്രഹമാണെന്ന കിപ്ലിങ്ങിന്റെ കാലഹരണം വന്ന സാമ്രാജ്യത്വമനോഭാവം വലിച്ചെറിയാൻ അദ്ദേഹത്തിന്ന് മനക്കരുത്ത് ലഭിച്ചു. ഇംഗ്ലീഷുകാരനായിട്ടും അദ്ദേഹം ഒരിക്കലും തന്റെ ഭാവനയെ ഇംഗ്ലണ്ടിൽമാത്രം ഒതുക്കിനിർത്തിയില്ല.

## കലാലക്ഷ്യം

ഓസ്കാർ വൈൽഡിനെപോലെ കല കലക്കുവേണ്ടിഎന്ന അഭിപ്രായമാണ് അദ്ദേഹം പുലർത്തിയിരുന്നത്. കലയുടെ സാമൂഹ്യലക്ഷ്യത്തിൽ അദ്ദേഹം സംശയം പ്രകടിപ്പിച്ചു. എല്ലാ കലകളും പലായനാത്മകമെന്നും ഉത്തമകലകളെ പരീക്ഷിച്ചറിയേണ്ടത് അതു രസാത്മകമാണോ എന്നുനോക്കിട്ടാണെന്നും അദ്ദേഹം വാദിച്ചു. ഒരു കഥികൻ കഥയെഴുതുമ്പോൾ ആദ്യന്തം ശ്രദ്ധിക്കേണ്ടത് അതു അനുവാചകനെ ആകർഷിക്കുന്നുണ്ടോ എന്നാണ്. എന്നാൽ തന്റെ പ്രതിപാദ്യത്തിനിടയിൽ ജീവിതവിമർശം കടന്നുകൂടാമെന്ന് മോം വിശ്വസിക്കുന്നു.

## ആഖ്യായികകാരൻ

സാഹിത്യലോകത്ത് മോം ഒരു കൊടുങ്കാററായിരുന്നില്ല. സദാചാരമോ സാങ്കേതികമോ ആയ മേഖലകളിൽ വിപ്ലവകരമായ മാററങ്ങളൊന്നും അദ്ദേഹം ആവിഷ്ക്കരിച്ചിട്ടില്ല. പൊതുവെ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ചിന്താഗതിയുടെ പ്രണേതാവാണദ്ദേഹം. ബർനാഡ്ഷായും, ഗാൽസ്വർത്തിയും തങ്ങളുടെ തൂലികകൾ സമുദായ ഗാത്രത്തിലെ ചീഞ്ഞുനാറിയ വശങ്ങളെ ശസ്ത്രക്രിയ ചെയ്യാനാണ് ഉപയോഗിച്ചത്. അവർ ആദ്യവസാനം സാമൂഹ്യവിമർശകരായിരുന്നു. തങ്ങളുടെ കാലഘട്ടത്തിലെ സമുദായം ഇവരുടെ മുമ്പിൽ കുററബോധത്തോടെ സാക്ഷിക്കൂട്ടിൽ നില്ക്കുകയായിരുന്നുവെന്നുപറയാം. മോമാകട്ടെ സമൂഹത്തെക്കാളേറെ ശ്രദ്ധിച്ചത് വ്യക്തികളായിരുന്നു. വ്യക്തികളിൽ കുടികൊള്ളുന്ന കൊള്ളരുതായ്മകളേയും, വിരോധാഭാസത്തേയും സൂക്ഷ്മദൃഷ്ടികൊണ്ട് നോക്കിക്കാണാനും വരച്ചുകാണിക്കാനും അദ്ദേഹം പാടവം കാണിച്ചു.

ഇംഗ്ലീഷുകാരനായിട്ടും ഇംഗ്ലണ്ടിലെ സമകാലിക സംഭവങ്ങളിൽ മോം താൽപരനായിരുന്നില്ല. രാഷ്ട്രീയമായ കാര്യങ്ങളിൽ മോം തികച്ചും വിമുഖനായിരുന്നുവെന്നുതന്നെ പറയാം. വളരെക്കാലം താനൊരു സാധാരണ ഇംഗ്ലീഷുകാരൻ പോലും ആയിരുന്നില്ലെന്ന് മോം പറയുന്നു.



മററൊരുവിധത്തിൽ ഒരു സാധാരണ ഇംഗ്ലീഷുകാരൻ പ്രദർശിപ്പിക്കുന്ന താല്പര്യംപോലും രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ അദ്ദേഹം പ്രദർശിപ്പിച്ചിരുന്നില്ല.

മോമിന്റെ കഥകളുടെ അന്തരീക്ഷം ലോകത്തിന്റെ ഒരററം മുതൽ മറേറ അററം വരെ വ്യാപിച്ചുകിടക്കുന്നു. പേൾബക്കിന്റെ ഏററവും നല്ല നോവലുകൾ ചൈനയുടെ അന്തരീക്ഷത്തിലാണ് എഴുതപ്പെട്ടിട്ടുള്ളതെങ്കിൽ മോമിന്റെ നല്ല നോവലുകൾ അധികവും ഫ്രാൻസിന്റെ അന്തരീക്ഷത്തിലാണ് സംഭവിക്കുന്നത്. ''ഫ്രാൻസാണ് എനിക്ക് വിദ്യാഭ്യാസം നല്കിയത്. സാമാന്യബോധവും വിവേചനാശക്തിയും സൗന്ദര്യാരാധനാശക്തിയും എനിക്ക് പ്രദാനം ചെയ്തത് ഫ്രാൻസാണ്. എന്നെ എഴുതാൻ പഠിപ്പിച്ചതും ഫ്രാൻസ് തന്നെ''. ഇതേപോലെ ഫ്രാൻസിനോട് അതീവ താല്പര്യം പ്രദർശിപ്പിച്ച മററു രണ്ട് ഇംഗ്ലീഷ് സാഹിത്യകാരന്മാർ മാത്യു ആർനോൾഡും, ടി. എസ് എലിയട്ടുമായിരുന്നു.

മോമിന്റെ ആദ്യത്തെ നോവൽ '' ലിസ ഓഫ് ലാമ്പത്ത്''' ആണ്. 1897ൽ പ്രസിദ്ധീകരിച്ച ഈ നോവൽ ആദ്യകാല പ്രസിദ്ധീകരണമായിട്ടും ഒരു പരാജയമായിരുന്നില്ല. എന്നാൽ മോമിനെ ലബ്ധപ്രതിഷ്ഠനായ ഒരു സാഹിത്യകാരനായി ഉയർത്തിയത് ''ഓഫ് ഹ്യൂമൻ ബോൺഡേജ്'', കെയിക്സ് ഏൻഡ് ഏയിൽ'' തുടങ്ങിയ നോവലുകളത്രേ.

ഫിലിപ്പ്കാരിയുടെ പിതാവ് മുമ്പുതന്നെ മരിച്ചിരുന്നു. അടുത്തകാലത്ത് അമ്മയും തന്നെവിട്ടുപിരിഞ്ഞു. നാണംകുണുങ്ങിയും മുടന്തനുമായ ഫിലിപ്പിന് പിന്നീട് ഒരേഒരു ആശ്രയം സ്വന്തം മാതുലനായിരുന്നു. മാന്യന്മാർ പഠിക്കുന്ന ഒരു വിദ്യാലയത്തിൽ ചേർത്തു ഫിലിപ്പിനെ നല്ലനിലയിൽ വളർത്തിക്കൊണ്ടുവരണമെന്നായിരുന്നു അമ്മാമന്റെ ആഗ്രഹം. എന്നാൽ വൈദിക വിദ്യാഭ്യാസത്തോട് അതൃപ്തിതോന്നി ഫിലിപ്പ് വിദ്യാലയത്തോട് സലാം പറഞ്ഞു പിരിയുന്നു. പാരീസിൽപോയി പെയിൻറിംഗ് പഠിക്കുന്നു. എന്നാൽ അവിടെയും നിരാശയായിരുന്നു ഫലം. ചിത്രകലയിൽ തനിക്ക് സാമർത്ഥ്യമില്ലെന്ന് ഫിലിപ്പിന് അവിടെ വെച്ചാണ് ബോധ്യപ്പെട്ടത്. പിന്നീട് ദാരിദ്ര്യത്തോടും വിധിയോടുമുള്ള ഒരു വെല്ലുവിളിയായിരുന്നു അവന്റെ ജീവിതം. ഇതിനിടയിൽ മാർഗ്ഗഭ്രംശം വന്ന ഒരു പെണ്ണിന്റെ പിന്നാലെ അവൻ നടക്കുന്നുണ്ട്. ജീവിതത്തിന് അടുക്കും ചിട്ടയും വേണമെന്നും മാന്യനായി ജീവിക്കണമെന്നും അവൻ ഒരു തീരുമാനമെടുക്കുന്നു. ഫിലിപ്പ് ഒരു ഡോക്ടറായി ഒരിടത്ത് ഉറച്ച് നില്ക്കുന്നു. സുന്ദരിയായ ഒരു പെണ്ണിനെ കണ്ടപ്പോൾ അവൻ പഴയമട്ടിൽ അവളെപിന്തുടർന്നു. ഹൃദയം നിറയെ അവൻ അവളെ സ്നേഹിക്കുന്നു. ഹൃദയറാണിയായി ആരാധിക്കുന്നു. എന്നാൽ അവൾക്കാകട്ടെ അവനോട്യാതൊരു സ്നേഹവും തോന്നിയില്ല. നിരാശനായ ഫിലിപ്പ് ആത്മഹത്യചെയ്തു ജീവിതത്തിന് വിരാമമിടുന്നതോടെ നോവൽ അവസാനിക്കുന്നു:—

ഇതാണ് ഓഫ്ഹ്യൂമൻബോൻഡേജിലെ കഥ. ഇതൊരു ആത്മകഥയല്ല; എന്നാൽ ആത്മകഥയുടെ അംശം ഇതിൽ കാണാമെന്ന് മോം അവകാശപ്പെടുന്നു. ഫിലിപ്പിനെ ഒരു ഭ്രാന്തനായയെപ്പോലെ സമുദായം വെറുക്കുന്നു.. എവിടെയും അവന് സ്നേഹപൂർണ്ണമായ പെരുമാററം ലഭിക്കുന്നില്ല. ഒരിക്കലും അടുക്കാനാകാത്തവിധം അവൻ സമുദായത്തിൽ നിന്നും അകന്നകന്ന് പോകുന്നു. ഫിലിപ്പ് സമുദായത്തോട് ഒരു വെല്ലുവിളിയാണ്;

ആടിക്കളിക്കുന്ന അവന്റെ ചട്ടുകാൽ സമുദായത്തോടുള്ള ഒരു ചോദ്യചിഹ്നവുമാണ്.

### പണക്കാരനാക്കിയ നോവൽ

സാഹിത്യലോകത്ത് വലിയ കോളിളക്കം സൃഷ്ടിച്ച ഒരു നോവലാണ് ''കെയിക്സ് ആൻഡ് ഏയിൽ.'' ഇതിലെ നാലുപ്രധാന കഥാപാത്രങ്ങളിൽ മൂന്നുപേരും നോവലെഴുത്തുകാരാണ്. സാഹിത്യകാരനായ എഡ്വേർഡ് ഡ്രിഫീൽഡിന്റെ മരണാനന്തരം ഭാര്യ റോസി, പരേതനായ തന്റെ ഭർത്താവിനെക്കുറിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. ജീവചരിത്രരചനക്കുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് അൽറോയ്കിയറാണ്. മൂന്നാംതരം നോവലെഴുത്തുകാരൻ. അദ്ദേഹം പരേതനായ സാഹിത്യനായകനെക്കുറിച്ച് വസ്തുതകൾ ശേഖരിക്കുന്നത് ആഷൻഡിനിൽനിന്നാണ്. (അയാളും അതേവർഗ്ഗത്തിൽപ്പെടുന്നു.) ആഷൻഡിന് ഡ്രിഫീൽഡ് കുടുംബത്തെക്കുറിച്ച് പറയാനുള്ളകാര്യങ്ങൾ—അതെ, അവിടെവെച്ചാണ് കഥയാരംഭിക്കുന്നത്. ആഷൻഡിൻ ഒരു വിദ്യാർത്ഥിയായിരുന്ന കാലത്ത് ഡ്രിഫീൽഡ് കുടുംബത്തിലെ ഒരു നിത്യസന്ദർശകനായിരുന്നു. അധികസമയവും അവൻ റോസിയുടെ കൂടെയായിരുന്നു. ആഷൻഡനും റോസിയും തമ്മിലുള്ള ബന്ധ(അവിഹിതം?) മാണ് നോവലിന് ഊടും പാവും നല്കുന്നത്. റോസി പരോപകാരതത്പരയാണ്. സൗന്ദര്യം മറ്റുള്ളവരുമായി പങ്കുവെച്ചുകൊടുക്കുന്നതിൽ അവൾക്കൊരിക്കലും മനസ്സാക്ഷിക്കുത്ത് അനുഭവപ്പെട്ടിരുന്നില്ല; ഔദാര്യനിധിയാണ് താനെന്ന് അവൾ ധരിച്ചു. തന്റെ കയ്യിലുള്ള ഏറ്റവും വലിയ സമ്പത്ത്— ഒരേ ഒരു സമ്പത്ത് അവൾ അന്യരുമായി പങ്കിട്ടെടുത്തു. മേൽനോട്ടത്തിൽ ഒരു കുലടയായിത്തോന്നാമെങ്കിലും ആധുനിക നോവൽസാഹിത്യത്തിലെ ഏറ്റവും ജീവിതസങ്കീർണ്ണതയുള്ള കഥാപാത്രമാണ് റോസി. സ്വന്തം കുട്ടി മരിച്ചു കിടക്കുമ്പോഴും അവൾ ഹോട്ടലിൽ പരപുരുഷനുമായി സഹശയനം ചെയ്യുകയാണ് ചെയ്തത്.

സാഹിത്യലോകത്തിൽ ഈ നോവൽ ഇന്നും ഒരു വിവാദവിഷയമാണ്. ഡ്രിഫീൽഡ് തോമസ് ഹാർഡിയുടെ തനിപ്പകർപ്പാണെന്നാണ് നിരൂപകപക്ഷം; മോം അത് നിഷേധിക്കുന്നുണ്ടെങ്കിലുംകൂടി. ഏതായാലും ഇതേപോലെയുള്ള സംശയം നോവലിന്റെ പ്രചാരത്തിന് വലിയ സഹായമായി. മോം പണക്കാരനുമായി.

മോമിന്റെ ഏറ്റവും നല്ല നോവൽ ഏതാണെന്നതിനെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ട്. എന്നാൽ ഏറ്റവും നല്ല നോവലുകളിൽ ഇതു കൂടി പെടുമെന്നുറപ്പിച്ചു പറയാം.

നോവൽ സാഹിത്യത്തിൽ താൻ ഏറ്റവും കടപ്പെട്ടിട്ടുള്ള മോപ്പസാങ്ങിനോടാണെന്ന് അദ്ദേഹം പറയുന്നു. ഇരുപത് വയസ്സാകുമ്പോഴേക്കും അദ്ദേഹം മോപ്പസാങ്ങിന്റെ എല്ലാ കൃതികളും വായിച്ചുകഴിഞ്ഞിരുന്നു. സാഹിത്യലോകത്തിലേക്ക് കച്ചകെട്ടി ഇറങ്ങാനുള്ള പ്രചോദനം സമ്പാദിച്ചത് മോപ്പസാങ്ങിൽ നിന്നാണ്. എന്തെഴുതിക്കഴിഞ്ഞാലും പ്രസിദ്ധീകരിക്കുക; തെറ്റാണെന്നറിഞ്ഞിട്ടും അതദ്ദേഹത്തിന്റെ പതിവായിരുന്നു. മോപ്പസാങ് എന്തെഴുതിയാലും തന്റെ ഗുരുവായ ഫ്ളാബർട്ടിന് സമർപ്പിക്കുക പതിവായിരുന്നു. വളരെക്കാലത്തെ പരിശീലനത്തിന് ശേഷമാണ് തന്റെ ആദ്യകഥ പ്രസിദ്ധീകരിക്കാൻ



ഫ്ളാബർട്ട് ശിഷ്യന് അനുവാദം നല്കിയത്. മോപ്പസാങ് ഒരു ഗവർമ്മേണ്ട് ഉദ്യോഗസ്ഥനായിരുന്നതു കൊണ്ട്, ഗ്രന്ഥപ്രസിദ്ധീകരണം വഴി സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടിയിരുന്നില്ല. മോമിനാണെങ്കിൽ സാഹിത്യം സാമ്പത്തിക വരുമാനത്തിനുള്ള ഒരുപാധിയായിരുന്നു; സാമ്പത്തികപ്രശ്നങ്ങൾ അദ്ദേഹത്തെ സംബന്ധിച്ച് വേണ്ടത്ര ഉണ്ടായിരുന്നുതാനും.

### ചെറുകഥാകൃത്ത്

''തന്റെ കാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധനായ ചെറുകഥാകൃത്ത്'' എന്നാണ് ന്യൂസ്റേറയിറ്റ്മാനിൽ ഒരു ലേഖകൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. നോവലിലെന്നപോലെ ചെറുകഥയിലും മോപ്പസാങ്ങിന്റെ സ്വാധീനത കാണാം. എന്നാൽ ആരുടെയും കാലടിപ്പാടുകളെ മോം അന്ധമായി പിന്തുടർന്നില്ല. മോമിന്റെ കഥയുടെ പ്രത്യേകത അവയുടെ കഥാമൂല്യമാണ്; മിക്കകഥകൾക്കും കെട്ടുറപ്പുള്ള പ്ലോട്ടുണ്ട്. നമ്മുടെ ഉത്കണ്ഠ പിടിച്ചുനിർത്തുക എന്നതാണ് അവയുടെ പൊതുസ്വഭാവം. മുത്തുമാല എന്ന പേരിൽ മോമും മോപ്പസാങ്ങും ഓരോകഥഎഴുതിയിട്ടുണ്ട്. രണ്ടും ഒരേ പോലെ പ്രസിദ്ധവുമാണ്. രണ്ടുപേരുടെയും വ്യക്തിത്വം വേറിട്ടുമനസ്സിലാക്കാൻ ഈ കഥകൾ നമ്മെ സഹായിക്കും.

### നാടകകൃത്ത്

പൊതുജനങ്ങളെ ആകർഷിക്കാൻ പര്യാപ്തമായ നാടകങ്ങൾ എഴുതുക എന്നതായിരുന്നു മോമിന്റെ ലക്ഷ്യം. ഒരേ അവസരത്തിൽ അദ്ദേഹത്തിന്റെ നാലു നാടകങ്ങൾ അരങ്ങേറിയപ്പോൾ അതു പലരുടെയും അസൂയക്കിടയാക്കി. നിരാശനായ വില്യംഷേക്സ്പിയർ വിരൽ കടിച്ച് വിമ്മിഷ്ടം കാണിക്കുന്ന ഒരു കാർട്ടൂൺ'പഞ്ചി'ൽ പ്രത്യക്ഷപ്പെട്ടു. മോം എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായി. പലരും അദ്ദേഹവുമായി അഭിമുഖ സംഭാഷണം നടത്തി; പത്രങ്ങൾക്ക് അദ്ദേഹം ഒരു വാർത്താമൂല്യമായി. ഒന്നാം ലോകമഹായുദ്ധകാലത്ത് മോമിന്റെ ധാരാളം നാടകങ്ങൾ അരങ്ങേറുകയുണ്ടായി. മോമിന്റെ നാടകങ്ങളിൽ ഏറ്റവും പ്രസിദ്ധം 'ദി സർക്കി'ളാണ് 'പെനിലോപ്''എന്ന നാടകം ബർലിനിൽ കുറേ മാസങ്ങൾ തന്നെ ഓടുകയുണ്ടായി.

### വിമർശകൻ

മോമിന്റെ സാഹിത്യപരമായ അഭിപ്രായങ്ങളും ഒരു സാഹിത്യകാരനെന്ന നിലയിൽ അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങളുമാണ് 'ദി സമ്മിങ്ങ് അപ്'' എന്ന പുസ്തകത്തിൽ അദ്ദേഹം കൈകാര്യം ചെയ്യുന്നത്. കാഥികൻ, നാടകകൃത്ത്, വിമർശകൻ, എന്നീ നിലകളിൽ തന്റെ ജീവിതാനുഭവങ്ങൾക്ക് വെളിച്ചം നല്കുകയാണ് ഇവിടെ അദ്ദേഹം ചെയ്യുന്നത്. വിനയ സമ്പന്നനായ ഈ സാഹിത്യകാരൻ ഒരിക്കലും നമ്മോട് പുരപ്പുറത്ത് കയറിപ്രസംഗിക്കുന്നില്ല. സമ്മിങ്ങ് അപ്പ് ആത്മകഥയല്ല, ഓർമ്മക്കുറിപ്പുമല്ല. ഭൂതകാല സംഭവങ്ങൾ മെനഞ്ഞെടുക്കാൻ താൻ അപ്രാപ്തനാണെന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നു. ''എനിക്ക് ദുർബ്ബലമായ ഓർമ്മശക്തിയാണുള്ളത്. ഒരു നല്ല കഥ വീണ്ടുമൊരിക്കൽ കേൾക്കുന്നതു വരെ എനിക്കോർമ്മിക്കാനാവില്ല; അതു മറ്റൊരാളോടുപറയും മുമ്പെ ഞാൻ മറക്കുകയുംചെയ്യുന്നു.'' ആത്മകഥയുടെയും ഓർമ്മക്കുറിപ്പിന്റെയും സമ്മോഹന സമ്മേളനമാണ് സമ്മിങ്ങ് അപ് .

പലർക്കും ആത്മകഥ സ്വന്തം അഹന്തകളെ ലാളിച്ചുറപ്പിക്കാനുള്ള ഒരു തൊട്ടിലാണ്. പൊറുവീണ ഉടനെ കൈകാലിളക്കി മുദ്രാവാക്യം മുഴക്കി അനീതികളോട് എതിർപ്പ് രേഖപ്പെടുത്തി ചരിത്രം സൃഷ്ടിച്ച സാഹിത്യശിശുക്കൾ—' കൊച്ചുകേശുമാർ— നമ്മുടെ ഇടയിൽത്തന്നെ ഉണ്ടല്ലോ. അവർക്കു വേണ്ടിയാണ് ഞാൻ പറയുന്നത്: 'എന്റെ സഹജമായ കഴിവുകൾ അഗണ്യമാണ്'; എന്നാൽ എന്റെ കുറവുകളെ മറ്റിരുവരെ നികത്താനുള്ള സ്വഭാവദാർഢ്യം എന്നിലുണ്ട്. സാമാന്യബുദ്ധിയുണ്ടെനിക്ക്. അധികം പേരും അധികമൊന്നും കാണുന്നില്ല. എനിക്കാകട്ടെ എന്റെ മൂക്കിന് മുമ്പിലുള്ളത് ശരിക്ക് കാണാൻ കഴിയും. ഏറ്റവും നല്ല സാഹിത്യകാരൻമാർക്ക് കരിങ്കൽഭിത്തിക്കുള്ളിൽകൂടിയും കാണാൻ കഴിയും. എന്റെ ദർശനശക്തി അത്രതന്നെ തീക്ഷ്ണമല്ല'.

## വിത്തും വിളവും

കണ്ടത്തിന്റെ ഗുണംകൊണ്ടേവിള—
വുണ്ടാവുള്ളൂ വിതച്ചതിലധികം.
കൊണ്ടിഹചെന്നു വിതയ്ക്കുന്നവനെ—
ക്കൊണ്ടൊരു കാര്യം വരുവാനില്ല.
നല്ല കൃഷിക്കാരൻ താൻ വിത്തൊരു
കല്ലിൽവിതച്ചാൽ കരികേയുള്ളൂ-
നല്ലൊരു വയലിലതുഴുതുവിതച്ചാൽ
നെല്ലൊരുനാഴിക്കൊരുപറവിളയും.
എന്നകണക്കേ, കേൾക്കുന്നവരറി—
യുന്നജനങ്ങൾ മഹത്തുക്കളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നും വരു—മിതിനുടെയർത്ഥം.

കുഞ്ചൻനമ്പ്യാർ



# संस्कृत-विभागः

विषय-सूचिः


| | | | |
|---|---|---|---|
| 1 | जगद्गुरु शंकराचार्यः | — | मनुः महेशः |
| 2 | अस्माकं वार्षिकोत्सवः | — | सुमितः मेनन |
| 3 | भगवद्-गीता-संदेशः | — | मधुः परमेश्वरः |
| 4 | अंतरिक्ष-वर्षम् | — | श्यामः राजन् |
| 5 | सप्तर्षि-रामायणम् | — | अविनेशः |
| 6 | सुभाषित-संग्रहः | — | प्रवीणःबा- नायर |
| 7 | दिनकरस्य धीरता | — | गोविन्दः वि श्रीवत्सः |
| 8 | सर्वप्रहरणायुधः | — | सुनीलः प्रशांतः |
| 9 | गीत-गोविदम् | — | लालजितः |
| 10 | शाकुंतलस्य सौंदर्यस्थलानि | — | टे. प. गोविदः |

# जगद्गुरुः शंकराचार्यः

मनुःमहेशः
अष्टमकक्षा

अष्टमशताब्दस्यचरमार्धे केरले कालडीग्रामे सतीशिवगुर्वो गृहे शंकराख्यो बालः अजायत। अनुपमः अयं मेधावी। अतः पंचम एव हायने अस्य उपनयनसंस्कारः अक्रियत। संस्कारेनानेन द्विजत्वं भजन् अयमचिरादेव चतुरो वेदानध्यगीष्ट। विद्योत्तमस्य पितुरयं तु दाय इति संभाव्यते।

एकदा नद्यां स्नानमाचरतः शंकरस्य पादान् ग्राहो जग्राह। ग्राहग्रस्तः स सन्यासग्रहणानुमतिम-याचत मातरम्। तादृश्यामवस्थायां न सा तां निराकर्तुमपारयत्। संन्यासिना गोविंदपादेन शंकरः संन्यासमार्गे दीक्षितः अभवत्।

तेन उपनिषद्– ब्रह्मसूत्र – भगवद्गीतारूप प्रस्थानत्रय्या समग्रविवरणं प्राकाशयत्। तस्य 'भजगोविन्दम्' इति स्तोत्रं अद्यापि नितांतं लोकप्रियं भजते तस्य सौंदर्यलहरी इति स्तोत्रं अपि मनोहरम्। तस्य कवनकौशलं दृष्टव्यं यथा सौंदर्यलहर्याम्:

'शरीरं त्वं शंभोः शशिमिहिरवक्षोरुहयुगं
तवात्मानं मन्ये भगवति नवात्मानमनघम्।
अतः शेषः शेषीत्ययमुभयसाधारणतया
स्थितः संबंधो वा समरसपरानंदपरयोः॥'

स शक्तिमपि इत्थं निरूपयति

'भवानि त्वं दासे मयि वितर दृष्टिं सकरुणां
इति स्तोतुं वांछन् कथयति भवानि त्वमिति यः।
तदैव त्वं तस्मै दिशसि निजसायुज्यपदवीं
मुकुंदब्रह्म–इंद्रस्फुटमुकुटनीराजितपदाम्॥'

स 'भज गोविंदम्' इति स्तोत्रे कथयति

'पुनरपि जननं पुनरपि मरणं पुनरपि जननीजठरे शयनम्। इह संसारे खलु दुस्तारे कृपया ऽपारे पाहि मुरारे॥'

इत्थंमुरारिस्तवनं कृत्वा जगद्गुरुं शंकराचार्यं च नत्वा भारतदेशे जगति च संस्कृतस्य प्रचारः प्रसारश्च भवेत् इति अहं आशासे।

# अस्माकं वार्षिकोत्सवः

सुमितः मेनन,
दशमकक्षा

अस्माकं वार्षिकोत्सवः नवनवंबरमासस्य त्रिंशत् तारिकायां सुसंपन्नः । प्रातःकाले क्रीडास्पर्धा आयोजिता यत्र केरल लक्षद्वीप राष्ट्रीयछात्रसेनायाः कर्नलनायर महाभागः मुख्यातिथिरूपेण विराजिताः । तेन छात्रेभ्य पुरस्काराः प्रदत्ताः । सायंकाले तु केरलप्रदेशस्य मुख्यामंत्री श्रीकरुणाकरः प्रमुखः अतिथिः आसीत् । अस्माकं प्राचार्यैः कर्नलथामहोदयैः शालायाः प्रतिवृत्तं पठितं यस्मिन् हि 1991–92 वर्षस्य गतिविधयः सुचारुरूपेण प्रकाशं नीताः । मुख्याध्यापकमहोदयैः ले कमांडर सलिल वी रेमहाभागैः सर्वोपस्थितानां धन्यवादः प्रदत्तः ।

अस्य वर्षस्य उत्सवे प्रथमवारं क्रीडास्पर्धाः प्रातः काले समायोजिताः । तस्मिन् अवसरे छात्रैः नितांतं सुंदरं संचालनं कृतम् । शारीरिकप्रशिक्षणस्य सुंदरा रीतिः तस्मिन् दिने अभिभावकैः दृष्टा । तथैव 'कराते' इति नवीस्य जापानस्य शारीरिक सौष्ठवस्य सुरेखं दृश्यं प्रस्तुतम् । 'शरीरमाद्यं खलु धर्मसाधनम्' इति महाकविकालिदासस्य सूक्तिं अनुसृत्य अस्माकं छात्रैः व्यायामस्य प्रदर्शनं कृतम् ।

सायंकाले कृष्णमेननसभागारे मुख्यमंत्रिणा श्री करुणाकरमहोदयेन छात्रेभ्य पारितोषिकानि प्रदत्तानि । तेन हि शालायाः सुरक्षार्थं धनदानस्य वचनं दत्तम् । रात्रौ तत्रैव छात्रैः सांस्कृतिककार्यक्रमः प्रस्तुतः यस्मिन् हि आंग्ल हिंदी मलयालम च इति भाषासु नाटिकाः गानानि च प्रस्तुतानि ।

केरलस्य प्राचीनतमा 'पब्लिकस्कूल' अस्ति अस्माकं विद्यालयः । अत एव विद्यालयस्य वार्षिकोत्सवं दक्षिणवायुसेनाध्यक्षः एअरमार्शलमोहनः समालंकरोत् । अन्येऽपि अनेकाः सेनाधिकारिणः अस्मिन् अवसरे उपस्थिताः आसन् । श्रीकृष्णमेननमहाभागैः स्थापिता इयं शाला पुरोगामिनी वर्तते । एतस्मिन् वर्षे बास्केटबालक्रीडांगणस्य उद्घाटनं जातं प्राचार्याणां कर्नलथामहाभागानां करकमलैः । उक्तं च –

'एषा मदीया खलु पाठशाला यस्यां हि संति सुरम्याणि भवनानि । सुंदरं अस्ति यस्याः परिसरः सदा जयतु मदीया पाठशाला ॥'

☆



# भगवद् – गीता – संदेशः

मधुः परमेश्वरः
द्वादशकक्षा

भगवद्गीताअस्मान् सर्वधर्मसंग्रहं कर्तुं कर्मयोगं च आचरितुं पाठयति । उक्तं च–

'आकाशात् पतितं तोयं यथा गच्छति सागरम् ।
सर्वदेवनमस्कारः केशवं प्रति गच्छति ॥'

भगवान् श्रीकृष्णः अर्जुनं उपदिशति-

'कर्मण्येवाधिकारस्ते मा फलेषु कदाचन ।'

बालगंगाधरतिलकमहोदयेन स्वग्रंथे 'गीतारहस्ये अपि कर्मयोगः एव प्रतिपादितः । गीतया स्वधर्मस्य अर्थात् स्वकर्तव्यस्य महत्वं अपि वर्णितम् यथा– 'स्वधर्मे निधनं श्रेयः परधर्मो भयावहः' । 'गीता सुगीता कर्तव्याकिमन्यैः शास्त्रविस्तरैः' इति श्लोकांशेन गीतायाः महत्वं सुस्पष्टं कृतम् । भारतस्य प्रायः सर्वासु भाषासु अयं गीतासंदेशः नीतः । आचार्यविनोबाभावेमहोदयैः 'गीताई' इति गीतायाः मराठीभाषायां अनुवादः कृतः । एषः अनुवादः नितांतः लोकप्रियः अस्ति ।

तथैव गीतायाः स्थितप्रज्ञस्य व्याख्याविशेषेण उल्लेखनीया । 'सुखदुःखे समे कृत्वा लाभालाभौ जयाजयौ' इति स्थितप्रज्ञस्य लक्षणम् । भगवद्गीता एतदपि उपदिशति–'सर्वधर्मान् परित्यज्य मामेकं शरणं व्रज ।' अस्मकं युगे व्यक्तिपूजायाः महत्वं अस्ति । भक्तेभ्यः ईश्वरः एव व्यक्तिरूपेण पूजनीयः अस्ति । किंतु 'ईश्वरः सर्वभूतानां हृद्देशेऽर्जुन तिष्ठति' इति श्लोकांशेन श्रीकृष्णः अर्जुनं विश्वात्मकस्य परमेश्वरस्य बोधं कारयति ।

इत्थं ज्ञानयोगः कर्मयोगः भक्तियोगश्च इति त्रयोऽपि योगाः गीतया उपदिष्टाः । अत एव अहं मन्ये यत् गीता न कस्यापि मार्गस्य प्रतिरोधं करोति । एतस्मिन् युगे सर्वेऽपि धर्माः स्वागतार्हाः । परंतु एतदर्थं प्रतिस्पर्धा न कर्तव्या । उक्तं च– 'धर्मस्य तत्त्वं निहितं गुहायां महाजनो येन गतः स पन्थाः' अर्थात् महापुरुषाणां प्रतिपादितवचनस्य यदि अस्माभिः अनुसरणं कृतं तर्हि गीतासंदेशः एव अनुसृतः भवेत् ।

# अंतरिक्ष - वर्षम्

श्यामः राजन्

एकादशकक्षा

संयुक्त-राष्ट्र-संघस्य साधारणसभया 1992 इति वर्ष अंतराष्ट्रीयांतरिक्षवर्षरूपेण संपन्नं कर्तुं निश्चितम्। अधुना मानवः न केवलं अंतरिक्षे गंतुं समर्थः अपि तु तत्रप्रयोगशालाः अपि स्थापितुं शक्नोति। चंद्रं प्रति आगामिनि शतके नियमित-पर्यटनयात्रा अपि परिचाल्यते। एतस्मिन् संदर्भे अधुना शीतयुद्धोत्तरपरिस्थितौ अमरीका - रूसदेशौ अंतरिक्षयुद्धे स्पर्धां न करिष्यतः अतः अंतरिक्षस्य विश्वशांतये विकासाय च प्रयोगः कर्तव्यः।

यूरीगागारिनः विश्वस्य प्रथमः अंतरिक्षगामी यात्री आसात्। भारतस्य राकेशः शर्मा अपि रूसयाने अंतरिक्षे अगच्छत्। अस्माकं शालायाः समीपं स्थितं विक्रमसाराभाई अंतरिक्षकेंद्रं प्रतिबुध-वासरे एम-100 इति अग्निबाणं अंतरिक्षे प्रक्षिपति।

अधुना संयुक्तराष्ट्रसंघस्य अखिलैः सदस्यदेशैः अंतरिक्षस्य शांतिकार्याय एव प्रयोगं कर्तुं निर्णीतम्। 'आनो भद्राः क्रतवोयंतु विश्वतः' इति वैदिकसंदेशः अंतरिक्षे अपि नेयः। मंगलग्रहे यदि प्राणवायुः लभ्यते तर्हि तत्र मानवः वसतिं कर्तुं शक्नोति। उक्तं च-

'अंतरिक्षे यात्रा सुलभा अंतरिक्षे गमनं कर्तव्यम्।
तत्र शांतिः प्रस्थापितव्या तत्र शाश्वमैत्री नेया॥
अंतरिक्षे गतिं नेयं तत्र नर्तनं कर्तव्यम्। तत्रः ग्रंथाः
पठितव्याः त्रिशाणि तत्र चित्रितव्यानि॥
अंतरिक्षे विमानं नेतव्यं तत्र कृषिः कर्तव्या।
तत्र जलपानं कर्तव्यं सखसमृद्धिः च लब्धव्या॥'



# सप्तर्षि – रामायणम्

अविनेशः

द्वादशकक्षा

1 कश्यपः:- जातः श्रीरघुनायको दशरथान्मुन्याश्र यात्तारकां हत्वा रक्षितकौशिकक्रतुवरः कृत्वाप्यहल्यां शुभाम्। भंक्त्वा रुद्रशरासनं जनकजां पाणौ गृहीत्वा ततो जित्वाधष्विनि भार्गवं पुनरगात् सीतासमेतः पुरीम्॥

2 अत्रिः:- दास्या मंथरया दयारहितया दुर्भेदिता कैकयी श्रीरामप्रथमभिषेकसमयेमातात्प याचद्वरौ। भर्तारं भरतः प्रशास्तु धरणीं रामो वनं गच्छतादित्याकर्ण्य स चोत्तरं न हि ददौ दुःखेन मुर्च्छागतः॥

3 भारद्वाजः:- श्रीरामः पितृशासनाद्वनमागात् सौमित्रिसीतान्वितो गंगां प्राप्य जटां निबद्धय सगुहः सच्चित्रकूटे वसन्। कृत्व यत्र पितृक्रियां सभरतो दत्वाऽभयं दंडके प्राप्यागस्त्यमुनीश्वरं तदुदितं धृत्वा धनुश्चाक्षयम्॥

4 विश्वामित्र- गत्वा पंचवटीमगस्त्यवचनद्दत्वाऽभयं मौनिनां छित्वा शूर्पणखास्यकर्णयुगलं त्रातुं समस्तान् मुनीन्। हत्वा तं च खरं सुवर्णहरिणं भित्वा तथा वालिनं तारारत्नमवैरिराज्यमकरोत् सर्वं च सुग्रीवसात्॥

5 गौतमः:- दूतो दाशरथेः सलीलमुदधिं तीर्त्वा हनुमान् महान् दृष्टवाऽशोकवने स्थितां जनकजां दत्वाऽङ्गुलेर्मुद्रिकाम्। अक्षादीन् असुरान् निहत्य महतीं लंकां च दग्ध्वा पुनः श्रीरामं च समेत्य देव। जननी दृष्टा मयेत्यब्रवीत्॥

6 जमदग्नि- रामो बद्धपयोनिधिः कपिवरैः वीरैर्नलाद्यैर्वृतो लंकां प्राप्य सकुंभकर्णतनुजं हत्वा रणे रावणम्। तस्यां न्यस्य विभीषणं पुनरसौ सीतापतिः पुष्पकारूढः सन् पुरमागतः सभरतः सिंहासनस्थो बभौ॥

7 वसिष्ठः:- श्रीरामो हयमेधमुख्यमखकृत् सम्यक्प्रजाः पालयन् कृत्वा राज्यमथानुजैश्च सुचिरं भूरिस्वधर्मान्वितौ। पुत्रौभ्रातृसमन्वितौ कुशलवौ संस्थाप्य भूमंडले सोऽयोध्यापुरवासिभिश्च सरयूस्नातः प्रपेदे दिवम्॥

8 सर्वेऋषयः:- श्रीरामस्य कथासुधातिमधुरान्श्लोकानिमानुत्तमान् ये शृण्वंति पठंति च प्रतिदिनं तेऽघौघविध्वंसिनः। श्रीमंतो बहुपुत्रपौत्रसहिता भुक्त्वेह भोगांश्चिरं भोगान्ते तु दार्चितं सुरगणैः विष्णोर्लभंते पदम्॥

# सुभाषित संग्रहः

प्रवीणः बा• नायर

अष्टमकक्षा

1 अयं निजः परो वेति गणना लघुचेतसाम्।
उदारचरितानां तु वसुधैव कुटुंबकम्॥

2 अपि स्वर्णमयी लंका न मे लक्ष्मण रोचते।
जननी जन्मभूमिश्च स्वर्गादपि गरीयसी॥

3 संपूर्णकुंभो न करोति शब्दं अर्धो घटो
घोषमुपैति नूनम्। विद्वान् कुलीनो न करोति
गर्वं जल्पंति मूढाः गुणैर्विहीनाः॥

4 वज्रादपि कठोराणि मृदूनि कुसुमादपि।
लोकोत्तराणां चेतांसि को हि विज्ञातुमर्हति॥

5 रे रे चातक सावधानमनसा मित्र क्षणं श्रूयताम्
अंभोदाः बहवो वसंति गगने सर्वेऽपि
नैतादृशाः। केचिद् वृष्टिभिरार्द्रयंति गगने
गर्जंति केचिद् वृथा यं यं पश्यसि तस्य तस्य
पुरतो मा ब्रूहि दीनं वचः॥

6 विद्वानेव विजानाति विद्वज्जनपरिश्रमम्।
न हि वंध्या विजानाति गुर्वीं प्रसूतिवेदनाम्॥

7 स जयतु सिंदूरवदनो देवो यत्पादपंकजस्मरणम्।
वासरमणिरिव तमसां राशीन्नाशयति विघ्ना-
नाम्॥



# दिनकरस्य धीरता

गोविंद वि• श्रीवत्सः

नवमकक्षा

दिनकरः कश्चित् निर्धनः बालकः आसीत्। किंतु तस्य हृदये महती ज्ञानपिपासा आसीत्। स पुस्तकालयं प्रतिदिनं गत्वा अनेकानि पुस्तकानि अपठत्। पाठशालायामपि स मेधावी छात्रः अवर्तत। एकस्मिन् दिने तस्य पाठशालायाः समीपे एकः व्याघ्रः आगच्छत्। सर्वेऽपि जनाः भयभीताः अभवन्। परंतु दिनकरेण साहसं दर्शितम्। स्वहस्ते एकं आदर्शं गृहीत्वा स व्याघ्रं प्रति अगच्छत्। यदा व्याघ्रेण महति आदर्शे स्वप्रतिबिंबं दृष्टं, तदा स भयभीतो भूत्वा पलायितः। तदा दिनकरः सर्वान् जनान् आहूय तान् आश्वासयत्। तस्य मुख्याध्यापकेन दिनकरः एकस्मिन् समारोहे संमानितः।

तस्मात् दिवसात् दिनकरस्य कीर्तिः तस्मिन् जनपदे प्रसृता दिनकराय शासनेन एका छात्रवृत्तिः अपि प्रदत्ता। अधुना तेन शोभनांकान् लब्ध्वा शालांतपरीक्षा उत्तीर्णा। तदा स महाविद्यालयं गतः। तत्र हि छात्रसेनासदस्यः अभवत्। छात्रसेनाशिबिराय स अन्यं नगरं गतः। तत्र तेन समाजसेवा कृता। स एकः उत्तमः गायकः अपि आसीत्। शिबिरसमापनसमारोहे स पुरस्कृतः।

पुणेस्थितायां राष्ट्रीयरक्षाप्रबोधिन्याः परीक्षायां यदा दिनकरः उत्तीर्णः तदा स खडकवासलास्थितायां प्रबोधिन्यां प्रविष्टः। तत्र स वायुसेनार्थं निर्वाचितः। संचलने अध्ययने च तेन नैपुण्यं प्राप्तम्। त्रिवर्षानंतरं तस्मै दीक्षांतसमारोहे नेहरुविश्वविद्यालयस्य स्नातकपदवी दत्ता। तदनंतरं हैद्राबादस्थितायां वायुसेनाप्रबोधिन्यां गतः। तत्र स पायलट अधिकारी अभवत्। उदग्रयानचालनार्थं तस्य चयनं कृतम्। तस्मिन् याने तेन प्राविण्यं लब्धम्।

आतंकवादिभिः त्रस्ते सीमाक्षेत्रे तस्य नेतृत्वार्थं तस्मै वीरचक्रं प्रदत्तम्। यदा वार्षिकावकाशे स स्वनगरं गतः तदा तस्य ग्रामवासिभिः तस्य अभिनंदनं कृतम्। स श्रीकृष्णस्य भक्तः अभवत्। तेन सेनायाः मुखपत्रे श्रीकृष्णस्य नीतिं उद्धृत्य एकः लेखः प्रकाशितः। तस्य निबंधार्थं वायुसेनाध्यक्षस्य स्तुतिपत्रेण संमानितः। अधुना दिनकरः एकस्य वायुसेनागुल्मस्य अध्यक्षरूपेण सेवारतः अस्ति। अचिरमेव स लंदनस्थित भारतउच्चायोगे संबद्धाधिकारीरूपेण पदं धारयिष्यति। एतादृशी दिनकरस्य कथा वर्तते। उक्तं च –

'विद्या ददाति विनयं विनयाद्याति पात्रताम्।
पात्रत्वाद्धनमाप्नोति धनाद्धर्मं ततः सुखम्॥'

# सर्वप्रहरणायुधः

सुनलिः प्रशांतः

द्वादशकक्षा

महाभारतस्य अनुशासनपर्वणि विष्णुसहस्र-नामस्तोत्रं विद्यते। अस्य स्तोत्रस्य प्रथमा पंक्तिः अस्ति –

'ॐ विश्वं विष्णुर्वषट्कारो भूतभव्यभवत्प्रभुः।
भूतकृद् भूतभृद् भावो भूतात्मा भूतभावनः॥'

अस्मिन् प्रथमे श्लोके 'ईश्वरः सर्वभूतानां हृद्देशेऽर्जुन तिष्ठति' इति भावः भूतभविष्यवर्तमानकालानां च एकमेवरहस्यं भगवान् विष्णुः इति प्रतिपादितः। भगवतो विष्णोः नवावतारास्तु अभवन् येन हि भगवद्गीतायाः एषः संदेशः स्पष्टः –

'यदा यदा हि धर्मस्य ग्लानिर्भवति भारत।
अभ्युत्थानमधर्मस्य तदात्मानं सृजाम्यहम् ॥'

जगतः कर्ता धर्ता च ईश्वरः एव। तस्य लीला महनीया वर्तते। कदाचित् स मत्स्यरूपेण विश्वं तारयती अन्यस्मिन् समये च स वामनरूपेण अवतरति। तस्य दशमो अवतारस्तु कल्कि' करवीरप्रदेशे साक्षाद्भवति इति मन्यते। अस्य स्तोत्रस्य अंतिमः श्लोकः उल्लेखनीयः अस्ति। 'शंखभृन्नंदकी चक्री शार्ङ्गधन्वा गदाधरः। रथांग-पाणिरक्षोभ्यः सर्वप्रहरणायुधः॥' अयंश्लोकः परमे-श्वरस्य सर्वास्त्रिशस्त्राणि च वर्णयति। विष्णोः अंतिमं नाम 'सर्वप्रहरणायुधः' नितांतं सुंदरम्, श्रीकृष्णस्य श्रीदवाक्यं आसीत् – "परित्राणाय साधूनां विनाशाय च दुष्कृताम्। धर्मसंस्थापनार्थाय संभवामि युगे युगे।"

एतत् कार्यं कठिनं अस्ति। सर्वायुधाः आवश्यकाः अस्य कार्यस्य साफल्यार्थम्। अत एव विष्णोः अंतिमं नाम 'सर्वप्रहरणायुधः' अस्ति। कस्यापि अवरोधस्य प्रहारं कर्तुं सक्षमः भगवान् विष्णुः। उक्तं च – 'यस्य स्मरणमात्रेण जन्म-संसारबंधनात्। विमुच्यते नमस्तस्मै विष्णवे प्रभविष्णवे॥'



# गीत–गोविंदम्

लालजितः

एकादशकक्षा

गीतगोविंदं गीतिकाव्यं वर्तते। तस्य अष्टपदी केरलप्रदेशेऽपि नितांताः लोकप्रियाः। गीतगोविंदस्य कविः जयदेवः कोमलकांतपदावल्यं प्रसिद्धः एव। प्रारंभे एव स कथयति–

'यदि हरिस्मरणे सरसं मनो, यदि विलासकलासु-कुतूहलम्। मधुरकोमलकांत पदावलिं, शृणु तदा जयदेव–सरस्वतीम्॥'

काव्यप्रेमिणः अद्यापि निम्नलिखितपंक्तीः महता प्रेम्णा स्मरंति–

'ललितलवंगलता परिशीलनकोमलमलय समीरे।
मधुकरनिकरकरंबित कोकिलकूजितकुंजकुटीरे॥'

'जय जगदीश हरे' इति तस्य ध्रुवपदं सुविख्यातम्। मालवगौडरागेण रूपकतालेन गीयमानस्य अस्य काव्यस्य इमाः पंक्तयः स्मरणीयाः–

'प्रलयपयोनिधिजले धृतवानसि वेदम् विहितवहित्र-चरित्रमखेदम्। केशवधृतमीनशरीर जय जगदीश हरे॥'

अस्य काव्यस्य प्रथमाः पंक्तयः अपि काव्यविषयं वर्णयंति–

'मेघैर्मेदुरमंबरं वनभुवः श्यामास्तमालद्रुमैर्नक्तं भीरुरयं त्वमेव तदिमं राधे। गृहं प्रापय। इत्थं नंदनिदेशतश्चलितयोः प्रत्यध्वकुंजद्रुमं

राधामाधवयोर्जयंति यमुनाकूले रहः केलयः॥'

विष्णोः दशावताररूपाणि स्मारयन् जयदेवः वदति–

'श्रीजयदेवकवेरिदमुदितमुदारम् शृणु सुखदं शुभदं भवसारवम्। केशवधृत दशविधरूप जय जगदीश हरे॥'

जयदेवाय कृष्णाय च नमः।

# शाकुंतलस्य सौंदर्यस्थलानि

टे. ग. गोवि

महाकवि कालिदासस्य प्रतिभा तस्य अभिज्ञानशाकुंतले दृश्यते । उक्तं च–

'काव्येषु नाटकं रम्यं तत्र रम्या शकुंतला ।
तत्रापि च चतुर्थोऽकस्तत्र श्लोकचतुष्टयम् ॥'

एते श्लोकाः संति–

'यास्यत्यद्य शकुंतलेति हृदयं संस्पृष्टमुत्कंठया ।
कंठ – स्तंभितबाष्पवृत्तिकलुषश्चिंताजडं दर्शनम् ।
वैक्लव्यं मम तावदीदृशमिदं स्नेहादरण्यौकसः
पीड्यंते गृहिणः कथं नु तनयाविश्लेषदुःखैर्नवैः ॥'

'शुश्रूषस्व गुरून्कुरु प्रियसखीवृत्तिं सपत्नीजने
भर्तुर्विप्रकृतापि रोषणतया मा स्म प्रतीपं गमः ।
भूयिष्ठं भव दक्षिणा परिजने भाग्येष्वनुत्सेकिनी
यान्त्येवं गृहिणीपदं युवतयो वामाः कुलस्याधयः ॥'

'अभिजनवतो भर्तुः श्लाघ्ये स्थिता गृहिणीपदे
विभवगुरुभिः कृत्यैस्तस्य प्रतिक्षणमाकुला ।
तनयमचिरात्प्राचीवार्कं प्रसूय च पावनं
मम विरहजां न त्वं वत्से शुचं गणयिष्यसि ॥'

'भूत्वा चिराय चतुरंतमहीसपत्नी
दौष्यंतिमप्रतिरथं तनयं निवेश्य ।
भर्त्रा तदर्पितकुटुंबभरेण सार्धं
शांते करिष्यसि पदं पुनराश्रमेऽस्मिन् ॥'

प्रथमे श्लोके कन्यावियोगस्य दुःखं वर्णितम् । द्वितीये तु गृहिणीपदस्य महत्वं, तृतीये तु पुत्रकामना चतुर्थे च शकुंतलायाः आश्रमाय पुनरागमनस्य अपेक्षा उल्लेखिता ।

पंचमे अंके आगतः अयं श्लोकः अन्यत् सौंदर्यस्थलम् ।

'रम्याणि वीक्ष्य मधुरांश्च निशम्य शब्दान्
पर्युत्सुको भवति यत्सुखितोऽपि जंतुः ।
तच्चेतसा स्मरति नूनमबोधपूर्वं
भावास्थिराणि जननांतरसौहृदानि ॥'



# Details of Publication

| | | | |
|---|---|---|---|
| 1 | Name of the journal | : | Kazhakootam Cadet |
| 2 | Place of Publication | : | Sainik School |
| 3 | Periodicity of Publication | : | Annual |
| 4 | Copies Printed | : | 700 |
| 5 | Distribution | : | Free |
| 6 | Editorial Adviser | : | Lt Cdr S B Ray - Headmaster, S S |
| 7 | Owner and Publisher | : | Principal, Sainik School. Kazhakootam |
| 8 | Printer | : | Vijayanand Printers. Kazhakootam |

**I, Lt Cdr S B Ray, hereby declare that the particulars given above are true to the best of my knowledge and belief.**

(Sd)
Lt Cdr S B Ray

*The Sainik School, Kazhakootam gratefully acknowledges the receipt of magazines and periodicals from all other sister institutions in the Country.*

## With Deep Reverence to the Unknown Teacher

"Great generals win campaigns but it is the Unknown Soldier who wins the war. Famous educators plan new systems of pedagogy but it is the Unknown Teacher who directs and guides the young. He lives in obscurity and contends with hardship. For him no trumpets blare, no chariots wait, no golden decorations are decreed. He keeps the watch along the borders of darkness and makes the attack on the trenches of ignorance and folly. Patient in his duty, he strives to conquer the evil powers which are enemies of youth. He awakens the indolent, encurages the eager, and steadies the unstable. He communicates his own joy at learning and shares with boys and girls the best treasures of his mind. He lights many candles, which in leater years will shine back to cheer him. This is his reward. Knowledge may be gained from books, but the love for knowledge is transmitted only by personal contact. No one has ever deserved better of republic than the Unknown Teacher. No one is more worthy to be enrolld in a democratic aristocracy, 'King of himself and Servant of mankind'."

—Henry Von Dyke